


# LEADS

*Leading Education by Adapting Digital System*



# സ്മാർട്ടാകുന്ന പൊതു വിദ്യാലയം.

ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തിനു വേണ്ടി

സ്വകാര്യ വിദ്യാലയങ്ങളെ ആശ്രയിച്ചിരുന്ന കാലത്തിൽ നിന്ന്

രക്ഷിതാക്കൾ പൊതുവിദ്യാലയങ്ങൾ തേടിവരുന്ന

അവസ്ഥയിലേക്കു കേരളത്തിലെ വിദ്യാഭ്യാസരംഗം മാറി.

കമ്പ്യൂട്ടർപരിജ്ഞാനം കുട്ടികളുടെ വിജ്ഞാനമണ്ഡലത്തെ

വികസിപ്പിക്കുന്ന തോടൊപ്പം അവനവന്റെ അഭിരുചിക്കനുസരിച്ചുള്ള

കർമ്മമേഖല തിരഞ്ഞെ ടുക്കാനുള്ള അവസരം കൂടി ഒരുക്കുകയാണ്.

സാങ്കേതികവിദ്യയിൽ മികവു നേടുന്നതോടൊപ്പം

തന്നെ കുട്ടികളിലെ സർഗ്ഗാത്മകത വളർത്തിയെടുക്കാനും

ലിറ്റിൽ കൈറ്റിന്റെ ഈ E-മാഗസിൻ പ്രവർത്തനം

ഉപകരിക്കുമെന്നു പ്രത്യാശിക്കുന്നു.

എഡിറ്റർ

# LEADS ന പിന്നിൽ



ഫാത്തിമത്ത് ഹസ്ന

അരുന്ധതി

ശ്രേയ

രഞ്ജുഷ

വിഘ്നേഷ്

സ്റ്റോബിൻ

അഫീസ്

# ആശംസകൾ

വിദ്യാഭ്യാസ മേഖലയിൽ വിവരസാങ്കേതിക വിദ്യയുടെ പ്രയോഗം പുത്തൻ ഉണർവ്വ് സൃഷ്ടിച്ചിരിക്കുന്നു. പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ വിദ്യാഭ്യാസം സുസാദ്ധ്യമാക്കുന്നതിന് KITE ന്റെ സംഭാവനകൾ എടുത്തു പറയേണ്ടതു തന്നെ ആണ്. അതുപോലെ തന്നെ കമ്പൂട്ടർ രംഗത്ത് താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം നല്കുക എന്ന ഉദ്ദേശ്യത്തോടെ KITE ആരംഭിച്ച "ലിറ്റിൽ കൈറ്റ്സ് "എന്ന ഐ.റ്റി കൂട്ടായ്മ വിദ്യാർത്ഥികൾക്ക് വളരെ ഉപകാരപ്രദമാണ് . നമ്മുടെ വിദ്യാലയത്തിലെ "ലിറ്റിൽ കൈറ്റ്സ് " അണിയിച്ചൊരുക്കുന്ന E-Magazine ന് പിന്തുണ നല്കുന്നതോടൊപ്പം ഇത്തരം പ്രവർത്തനങ്ങൾക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

ഹെഡ്മാസ്റ്റർ
പി.രാധാകൃഷ്ണൻ



സാങ്കേതിക വിദ്യയിൽ പ്രാവീണ്യം നേടുന്നതോടൊപ്പം കുട്ടികളുടെ ഭാവന വളർത്തിയെടുക്കുന്നതിനും ലിറ്റിൽ കൈറ്റ്സന്റെ പ്രവർത്തനങ്ങൾ സഹായകമാണെന്നറിയുന്നതിൽ സന്തോഷമുണ്ട് . നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് എല്ലാ ആശംസകളും നേരുന്നു.

സത്യപ്രകാശ്(പിടിഎ പ്രസിഡന്റ്)

# 1. ഉള്ളടക്കം


2. ആശംസകൾ....................................................................4
3. അതിജീവനം.................................................................7
4. കേരളീയ കലകൾ............................................................9
5. പട്ടാപ്പകൽ..................................................................13
6. ഒട്ടുവിൽ......................................................................14
7. ഫെഡറൽ സംവിധാനവും കേന്ദ്ര സംസ്ഥാന ബന്ധവും..............15
8. ഇണ പിരിയാത്ത മത്സ്യങ്ങൾ...............................................17
9. പ്രകൃതിയിന്നൊരു സ്വപ്നം മാത്രം...........................................19
10. മരണകാലം.................................................................20
11. അക്ഷരാങ്കണത്തിലെ ദേവികടാക്ഷം......................................20
12. അമ്മതൻ താരാട്ട്.............................................................21
13. സുന്ദരമായ യാത്ര.............................................................22
14. കേശു........................................................................23
15. മരണക്കാറ്റ് വീശിയ നിപ..................................................25
16. പിറന്നാൾ മധുരം............................................................26
17. വിദ്യാരംഗം പഠനയാത്ര...................................................27
18. കേരളത്തിലെ വാദ്യോപകരണങ്ങൾ......................................30
19. സയൻസ് ക്ലബ്ബ് പഠനയാത്ര...............................................33
20. അച്ചുവും കിച്ചുവും...........................................................34
21. ആ പ്രളയകാലത്ത്...........................................................35
22. പൂമ്പാറ്റ........................................................................36

23. പൊട്ടിപ്പോയ തന്ത്രി.......................................................39
24. മനുഷ്യനൊരു  കത്ത്  ............................................... 40
25. നമ്മുടെ ജീവനെടുക്കുന്ന പ്ലാസ്റ്റിക്ക്...............................41
26. വിശപ്പിന്  ശിക്ഷ "വധശിക്ഷ"യോ?...... .................... 43
27. തട്ടകത്തെ പൂരം.......................................................44
28. ഒരു മൈസൂർ യാത്ര................................................ 47
29. എന്റെ മഴക്കാല അനുഭവം............................................50
30. ശാസ്ത്രം 2018 ൽ..........................................................51
31. യുവപ്രതിഭയ്ക്ക് ആദരം .....................................................53
32. 2018 ലെ നേട്ടങ്ങൾ...........................................................53
33. ഇവർ ഞങ്ങളുടെ താരങ്ങൾ....................................................54

# അതിജീവനം

നമ്മുടേതായ ഒരു കേരളം ഇനി ആവശ്യമാണ്.കേരളം കണ്ട ഏറ്റവും വലിയദുരന്തമാണ്നാം ഓരോരുത്ത-രും നേരിട്ടത്. പാഞ്ഞുവന്ന ജലം കൊണ്ടു പോയത് ഒരുപാട് ജീവിതങ്ങളാണ്.പ്രളയം എന്ന വിപത്ത് കേരളത്തെ തുടച്ചു നീക്കിയിരിക്കുന്നു. വലിയവനെന്നോ ചെറിയവനെന്നോ ഇല്ലാതെ ഹിന്ദുവെന്നോ മുസൽമാനെന്നോ ഇല്ലാതെ എല്ലാവരെയും ജലം വിഴുങ്ങി.കുട്ടനാട് നേരിട്ട ദുരിതം കണ്ടു നില്ക്കാനാണ് നാം വിധിക്കപ്പെട്ടത്. കോരിച്ചൊരിയുന്ന മഴയ്ക്കും പുഴകളുംതോടുകളും നിറഞ്ഞൊഴുകി പല പ്രദേശങ്ങളും ജലത്തിന്റെ ശക്തിയിൽ കീഴടങ്ങി. കൊടും നാശത്തിന്റെ അതിവർഷം. ആഗസ്റ്റുമാസം കേരളീയർക്ക് ഒറ്റ പ്രാർത്ഥന മാത്രമായിരുന്നുഞങ്ങളുടെ കേരളത്തെ രക്ഷിക്കണേഎന്ന്. സംഹാരതാണ്ഡവ മാടിയ തോരാമഴ കേരളം ഇതുവരെ കാണാത്ത വിധം അസാധാരണമായ ദുരന്തസാഹചര്യമാണുണ്ടാക്കിയത്.



ഉരുൾപൊട്ടലിലൂടെ ജീവൻ നഷ്ടമായവർ ഏറെ. തോരാ കണ്ണീരാണ് ഈ പേമാരി നമുക്കു സമ്മാനിച്ചത്. കേരളത്തെ തന്നെ തുടച്ചുനീക്കുകയാണ് ശക്തിയാർജ്ജിച്ചു വന്ന മഴ ചെയ്തത്.മഴ മരണം വിതച്ചുകൊണ്ടാണ് കടന്നു പോയത്.നിനച്ചിരിക്കാതെ വന്ന അതിവർഷമാണ് നാടിന്റെ താളം തെറ്റിച്ചത്.ഇനിവേണ്ടത് ഒരു പുതിയ കേരളമാണ്. കേരളം നേരിട്ട ഈ കടുത്ത പ്രതിസന്ധി നാം വീക്ഷിച്ചു കഴിഞ്ഞു. ഇനിയൊരു പുത്തൻ കേരളം.നാം ശപിച്ചത് മഴയെ മനുഷ്യൻ എന്നവിവേകി ചെയ്ത തെറ്റിന്റെ ഫലമാണ് കേരളം ഒന്നാകെ അനുഭവിച്ചത്. മനുഷ്യന്റെ പ്രകൃതിക്കുമേലുള്ള കടന്ന കയറ്റം സൃഷ്ടിച്ചത് ജീവന് ഹാനി വരുന്ന ദുരിതങ്ങൾ. മഴയെയും പുഴയെയും ശപിച്ചപ്പോൾ നാം ഓർത്തില്ല പുഴ അതിന്റെ വഴിയിലൂടെയാണ് ഒഴുകിയതെന്ന്. പുഴ ഒഴുകിയിരുന്ന സ്ഥലം മുഴുവൻ തന്റേതാക്കി വിടുമ്പോഴും ഈ ക്രൂരൻ

ചിന്തിച്ചില്ല. കളി പ്രകൃതിയോടാണെന്ന്.പ്രകൃതി അമ്മയാണ് അവളുടെ സംരക്ഷണ മാണ് നമ്മുടെ സംരക്ഷണം. ഒരുമിച്ചുള്ള പ്രവർത്തനത്തിലൂടെയും സഹകരണത്തോടെയും മാത്രമേ ഒരു ഒരു നവകേരളം സൃഷ്ടിക്കാൻ കഴിയൂ. കേരളത്തിന്റെ ചരിത്രത്തിലെ
ഏറ്റവും കടുത്ത പ്രതിസന്ധിയിലേക്കു തള്ളിവിട്ട് പ്രളയം ചുറ്റിലും കലിയോടെ ഇരമ്പിയപ്പോഴും അതിജീവനത്തിനായി ഒരുപാട് കൈത്താങ്ങുണ്ടായിരുന്നു. ഐക്യം മാത്രമായിരുന്നു പ്രളയക്കെടുതിയിൽ നിന്നുള്ളകേരളത്തിന്റെ അതിജീവന ത്തിന്റെ ആധാരശില ഒരുപാട് കരങ്ങൾ കോർത്തുകൊണ്ടുവേണം ഒരു പുതിയ കേരളത്തെ സ്വീകരിക്കാൻ.മരങ്ങളേയും പ്രകൃതി യേയുംബഹുമാനിച്ചുകൊണ്ട് കെട്ടിപ്പൊക്കുന്ന വൻ ഗോപുരങ്ങളുടെ എണ്ണം കുറച്ചുകൊണ്ട് ഒരുമിച്ച് സ്വാഗതം ചെയ്യാം.കേരളത്തെ ആർത്തിരമ്പി രോഷാകുലനായി വരുന്ന പ്രളയം എന്ന ദുരന്തത്തെ പ്പോലും നാം അതിജീവിച്ചു കഴിഞ്ഞു. ഒരുമയുടെഅരങ്ങുകൾ തെളിഞ്ഞു കഴിഞ്ഞു. ബലിഷ്ഠമായ കൈകൾ ഇനി മുന്നോട്ടു വേണം. നവ കേരളസൃഷ്ടിയിൽ പങ്കുചേരാൻ കേരളീയർ ഒരുക്കമാണ്.നവകേരള നിർമ്മിതി എന്ന ബൃഹത് സ്വപ്നം യാഥാർത്ഥ്യമാക്കാൻ ഒരുമയാവണം ഇനിയെന്നും കേരളത്തിന്റെ മുഖമുദ്ര.

കാവ്യാ ഗോപിനാഥ്.കെ. (10 A)

# കേരളീയ കലകൾ

## 1.തിറ

ദേവതകളുടെ കോലം കെട്ടി ആടുന്ന ഗ്രാമീണ കലയാണ് തിറ . തിറ എന്ന പദത്തിന്റെ അർത്ഥത്തെ കുറിച്ച് നിരവധി അഭിപ്രായങ്ങളുണ്ടെങ്കിലും ദൈവികമായ ആവിഷ്കാരമെന്നോ, ദൈവദർശനമെന്നോ, ദൈവികമായ അർപ്പണമെന്നോ പറയുന്നതാണ് കൂടുതൽ ഉചിതം. കോഴിക്കോട് ജില്ലയിലാണ് ഈ കലാരൂപത്തിന് പ്രചാരം. കോഴിക്കോട് ജില്ലക്ക് വടക്ക് ദേവതാരൂപം ധരിച്ചെത്തുന്ന കോലങ്ങളിൽ മിക്കതിനേയും തെയ്യമെന്നാണ് പറയുന്നത്. ഇവിടുത്തെ വേട്ടക്കൊരുമകൻ, ഊർപ്പടച്ചി, വൈരജാതൻ, മുന്നായരിശ്വരൻ തുടങ്ങിയ-വരെ മാത്രമേ തിറ എന്നു പറയാറുള്ളൂ. വയനാട്ടിലും തിറ നടത്തുന്നവരുണ്ട്. തിറ താളാത്മകമായ നൃത്ത പ്രകടനമാണ്. തോറ്റം പാട്ടുകളാണ് ഇതിന് ഉപയോഗിക്കുന്നത്. തുടി, ചെണ്ട , ഇലത്താളം എന്നീ വാദ്യങ്ങൾ ഉപയോഗിച്ചു വരുന്നു.



## 2.വേലകളി

ദക്ഷിണകേരളത്തിൽ പ്രചാരമുള്ള അനുഷ്ഠാനപരമായ ആയോധന കലയാണ് വേലകളി. യോദ്ധാക്കളുടെ വേഷം ധരിച്ച നർത്തകരാണ് ഇത് അതരിപ്പിക്കുന്നത് . കുരുക്ഷേത്രയുദ്ധത്തെ ഓർമ്മിപ്പിക്കുന്ന തിനാണത്രേ വേലകളി നടക്കാറ് .



## 3.തീയാട്ട്



ഭദ്രകാളി തീയാട്ട്

ദേവാലയങ്ങളിലും ബ്രഹ്മാലയങ്ങളിലും നടത്തിവരുന്ന ഒരു അനുഷ്ഠാന കലയാണ് തീയാട്ട് . പന്തം ഉഴിച്ചിലിന് പ്രധാന്യമുള്ളതാണ് തീയാട്ട് എന്ന് ചിലർ അഭിപ്രായപ്പെടുന്നു . അയ്യപ്പൻ തീയാട്ട് , ഭദ്രകാളി തീയാട്ട് എന്നിങ്ങനെ രണ്ടു തരമുണ്ട് .

## 4.കൂടിയാട്ടം

ലോക പൈതൃക മായി യുനെസ്കോഅംഗീകരിച്ച ആദ്യത്തെ നൃത്തരൂപമാണ് കൂടിയാട്ടം . നൃത്തം എന്നതിനേക്കാൾ ഇതൊരു അഭിനയകലയാണ്. രണ്ടായിരത്തിലധികം വർഷം പഴക്കം കൂടിയാട്ടത്തിനുണ്ട്. ഏറ്റവും പ്രാചീനമായ സംസ്കൃത



നാടകരൂപങ്ങളിലൊന്നാണ് കൂടിയാട്ടം . പൂർണരൂപത്തിൽ ഒരുകൂടിയാട്ടം നടത്തണമെങ്കിൽ നാല്പത്തിയൊന്ന് ദിവസമെ ങ്കിലും വേണ്ടി വരും . കേരളത്തിലെ ക്ഷേത്രങ്ങളിൽ വച്ച് മാത്രമേ ഇതു നടത്താറുള്ളൂ . പുരുഷവേഷം ചാക്യാരും സ്ത്രീ വേഷം നങ്ങ്യാരുമാണ് കെട്ടുന്നത് . മിഴാവ്

, ഇടക്ക , കുറുങ്കുഴൽ , ശംഖ് , കുഴിത്താളം എന്നിവയാണ് പ്രധാന വാദ്യോപകരണങ്ങൾ .

## 5. പടയണി




ഭദ്രകാളി ക്ഷേത്രങ്ങളിൽ നടത്തപ്പെടുന്ന അനുഷ്ഠാന കലയാണ് പടയണി. കാച്ചി ക്കെട്ടാണ് പടയണിയുടെ ആദ്യചടങ്ങ്.പടയണി നടക്കുന്ന എന്ന വിവരമറിയിയ്ക്കാൻ നടത്തുന്ന വാദ്യമേളമാണ്കാച്ചിക്കെട്ട്. ചിലയിട ങ്ങളിൽ ഇതിനെ(തപ്പുമേളം)എന്നും പറയും. തപ്പ് എന്ന വാദ്യോപകരണം ആണ് പടയണിയിൽ ഉപയോഗിക്കുന്നത്. രണ്ടാമത്തെ ചടങ്ങ് കാപ്പൊലിയാണ്. ഇലയോടുകൂടിയ മരച്ചില്ലയോ വെള്ളത്തോർത്തോ വീശികൊണ്ട് ആർത്തുവിളിച്ചാണ് കാപ്പൊലി നടത്തുന്നത്. കൈമണി കൊട്ടി താളം പിടിച്ചൊണ്ടുള്ള താവടി തുള്ളൽ അടുത്ത ചടങ്ങാണ് .കാപ്പൊലി തുടങ്ങുന്ന ദിവസം തുള്ളൽ ആരംഭിക്കും. തുള്ളൽ കളിക്കുന്നതിനനുസരിച്ച് പാട്ടുപാടും പച്ചപ്പാളയിൽ കോലമെഴുതി മുഖത്ത് കെട്ടും.കമുകിൻ പാള ചെത്തിയെടുത്ത് പച്ച ഈർക്കിൽ കൊണ്ട് യോജിപ്പിച്ച് കുരുത്തോലയും വർണ്ണക്കടലാസുകളും കൊണ്ടാണ് കോലങ്ങൾ ഉണ്ടാക്കുന്നത് ആചാരദേവതയുടെ കോലം കരിയും ചെങ്കല്ലും മഞ്ഞളും പാളയിൽ വരഞ്ഞുണ്ടാക്കുന്നു. തീവെട്ടിയുടേയും ഓലച്ചൂട്ടിന്റെയും വെളിച്ചത്തിലാണ് കോലങ്ങൾ തുള്ളുന്നത്. ദേവീ പ്രീണനത്തിനും പിശാചുക്കളെ ഒഴിപ്പിക്കുന്നതിനുമായാണ് ഈ കല നടത്തുന്നത് .

# 6.കുറത്തിയാട്ടം

സംഗീത നാടകം പോലുള്ള ഗ്രാമീണകലാരൂപമാണ് കുറത്തിയാട്ടം . വടക്കൻ കുറത്തിയാട്ടം തെക്കൻ കുറത്തിയാട്ടം എന്നിങ്ങനെ കുറത്തിയാട്ടത്തിന് വകഭേതകങ്ങളുണ്ട് .കുറവൻ , കുറത്തി ,നാട്ടുപ്രമാണി ,വൃദ്ധൻ തുടങ്ങിയവ തൃശ്ശൂർ പൂരത്തിന് പോകുന്ന കുറവനും കുറത്തിയും തിരിക്കിൽ വേർപിരിയുന്നു . പരസ്പരം അന്വേഷിച്ച് നടക്കുന്നു .അവസാനം കണ്ടുമുട്ടുന്നു ഇതാണ് വടക്കൻ കുറത്തിയാട്ടത്തിലെ കഥ . തെക്കൻ കുറത്തിയാട്ടത്തിൽ കുറത്തി കുറവൻ മുത്തിയമ്മ എന്നീ കഥാപാത്രങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം . പാർവതിയേയും മഹാലക്ഷ്മിയേയും പ്രതിനിധീകരിക്കുന്ന കുത്തിവേഷങ്ങൾ രംഗത്ത് വന്ന് ഭർത്താക്കൻമാരെ കുറ്റം പറയുന്നതും സരസ്വതിയെ പ്രതിനിധികരിക്കുന്ന കുറത്തിയെത്തി തർക്കം തീർക്കുന്നതുമാണ് കഥ .

*ഹരികേശ്.എസ് 6.എ*

# പട്ടാപ്പകൽ

അവൾ അലറിക്കരയുകയാണ്
ഉറക്കെ............
അവളുടെ അലർച്ച ആ പട്ടണം മുഴുവൻ
മുഴങ്ങിക്കൊണ്ടിരുന്നു
പട്ടാപ്പകലാണോ ദേവ്യേ......
അവൾ ഉറക്കെ നിലവിളിച്ചു
പിന്നീട് അതൊരലർച്ചയായി മാറി
ക്രമേണ അവളുടെ ശബ്ദം നിലച്ചു
ആ ഇരുട്ടു മുറിയിൽ നിന്ന് രക്തത്തിന്റെ
രൂക്ഷഗന്ധം പട്ടണമാകെ
പ്രവഹിച്ചു കൊണ്ടിരുന്നു!
പെട്ടെന്ന്ആരോ തന്റെ പുറകിൽ തട്ടി
ആ നിമിഷം തന്റെ കണ്ണുകളിൽ ഭയം
നിഴലിച്ചു
കൈകൾ മരവിച്ചു തുടങ്ങി
ശരീരം ആകെ കോച്ചിപിടിച്ചു
അയാൾ ചോദിച്ചു
എന്താ ദാസൻ സാറെ കുറേ കാലായല്ലോകണ്ടിട്ട്
എന്താ ഇവിടെ?
ഞാൻ ഒന്ന് ദീർഘമായി നിശ്വസിച്ചു
എന്നിട്ട് പറഞ്ഞു
ഞാൻ ഒരു കോഴി വാങ്ങാൻ വന്നതാ
ഇന്ന് അമ്മായി അപ്പനൊക്കെ
വരുന്നുണ്ട്
അപ്പോഴേക്കും
കടക്കകത്തുനിന്നൊരുശബ്ദം
"സാറെ 210 രൂപ"



Arbas .P IX C

(അഞ്ജലി 9B)

# ഒട്ടുവിൽ

മലയാള കവിത ക്ലാസ്സ്റൂമിൽ ഒരു മൊട്ടിട്ടു
മെല്ലെ തൊട്ടുരുമ്മി മണത്തറിഞ്ഞ്-
തുടങ്ങിയപ്പോഴാണ്
ആരോ ഉറക്കെ അലറിയത്
$(a+b)^2$

(അഞ്ജലി 9B)




# പറയണം

നിലംപതിച്ച മതിലുകളെ
പുതുക്കിപ്പണിയണം
പങ്കുവെച്ചതൊക്കെ
മതിയാക്കണം
ചേർത്തുപിടിച്ച കൈകളിൽ
കാർക്കി തുപ്പണം
അള്ളാഹുവിനോടും ഈശോയോടും
മുരുകനോടും രഹസ്യം പറയണം
ഖാദറിന്റെവീട്ടിലെ കഞ്ഞിക്ക്
കൈപ്പാണെന്ന് ഹരിയെ പഠിപ്പിക്കണം
മല കാർന്നു തിന്നണം
മരത്തിന്റെ തലക്കടിച്ച് കൊല്ലണം
ഓസോണിൽ ഓട്ടതുളച്ച്
ആശുപത്രിയിലേക്ക് ഓടണം
എന്നിട്ട് എല്ലാവരോടും പറയണം
അടുത്ത മഴയ്ക്ക് വീണ്ടും കാണാം

(അഞ്ജലി 9B)

# ഫെഡറൽ സംവിധാനവും കേന്ദ്ര സംസ്ഥാന ബന്ധവും

സംസ്ഥാനങ്ങൾക്ക് ആഭ്യന്തര കാര്യങ്ങളിൽ സ്വതന്ത്ര പദവി നൽകുന്നതോടൊപ്പം കേന്ദ്ര സംസ്ഥാന ഐക്യം നിലനിർത്തുകയും ചെയ്യുന്ന ഒരു പ്രത്യേക ഭരണക്രമത്തെയാണ് ഫെഡറൽ സംവിധാനം എന്ന് വിളിക്കുന്നത്.പ്രാദേശിക തലത്തിലും ദേശീയ തലത്തിലുമുള്ള രണ്ടു വിഭാഗം ഭരണതന്ത്രജ്ഞത ഉൾക്കൊള്ളുന്ന ഭരണക്രമം എന്ന് വേണമെങ്കിൽ ഫെഡറലിസത്തെ വിശേഷിപ്പിക്കാം ഫെഡറലിസത്തിൽ ജനങ്ങൾക്ക് രണ്ടുതരത്തിലുള്ള വ്യക്തിത്വവും വിശ്വാസ്യതയുമുണ്ട് ,അതായത് ഒരേ സമയം അവർ ഉൾക്കൊള്ളുന്ന



PARLIAMENT OF INDIA

പ്രാദേശികത്വവും ഒപ്പം ദേശീയതയും ഫെഡറലിസം ഉടലെടുക്കുന്ന സാഹചര്യങ്ങൾക്കനുസൃതമായാണ്. എന്നാൽ അമേരിക്കൻ ഫെഡറലിസം നമ്മുടെ ഫെഡറലിസത്തിൽനിന്ന് തികച്ചും വ്യത്യസ്തമാണ്.

## ചരിത്ര പശ്ചാത്തലം

നമ്മുടെസ്വാതന്ത്ര്യ സമരകാലത്തു തന്നെദേശീയനേതാക്കൾ അധികാര വികേന്ദ്രീകരണം ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്ത് ആവശ്യമാണെന്ന് അഭിപ്രായപ്പെട്ടിരുന്നു. ഇന്ത്യസാംസ്കാരികമായും ഭാഷാപരമായും വ്യത്യസ്തത പുലർത്തുന്ന രാജ്യമാണ് . 1935 ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്റ്റ് പ്രകാരവും ഇന്ത്യയ്ക്ക് ഒരു ഫേഡറൽ സംവിധാനം നിർദ്ദേശിച്ചിരുന്നു. അതു പ്രകാരം ഇന്ത്യയിലെ വിവിധ നാട്ടു രാജ്യങ്ങൾക്ക് അവരുടെ അധികാരം ലഭിക്കുകയുണ്ടായി."നാനാത്വത്തിൽഏകത്വ"മെന്നആശയം മുറുകെപ്പിടിക്കുന്നതോടൊപ്പം,സംസ്ഥാനങ്ങളുടെ ഐക്യവും പ്രാദേശിക പരമാധികാരവും ഈ സമ്പ്രദായത്തിൽ ഉറപ്പുവരുത്തുന്നു

# ഫെഡറൽസംവിധാന ത്തിന്റെ രൂപകല്പന

ഫെഡറൽ സംവിധാനം വിഭാവനം ചെയ്തിട്ടുള്ള ഇന്ത്യയിൽ ഏകപൗരത്വവും നിയമവാഴ്ചയും നിർദ്ദേശിക്കുന്നു. ഫെഡറലിസം എന്ന പ്രതിഭാസം ഇന്ത്യയിൽ ചരിത്രപരമായി ഉടലെടുത്തതാണ്. അതിന്റെ പരിണാമം തുടർന്നു കൊണ്ടിരി ക്കുന്നു. ത്രിതലപഞ്ചായത്തുകളുടെ വരവോടു കൂടിതാവേ തട്ടിൽ നിന്നുതന്നെ

വികസനം സാദ്ധ്യമായി.



## കേന്ദ്ര സംസ്ഥാന ബന്ധം

ഭരണഘടനാനുസൃതമായി കേന്ദ്രഗവൺമെന്റിന്റെ അധികാരങ്ങൾ, സംസ്ഥാനഗവൺമെന്റിന്റെഅധികാരങ്ങൾ, സംയുക്തഅധികാരങ്ങൾ എന്നി ങ്ങനെ മൂന്നു ലിസ്റ്റുകളുണ്ട് . കേന്ദ്ര ലിസ്റ്റിൽ വരുന്ന കാര്യങ്ങളുടെ പൂർണ്ണഅധികാരം കേന്ദ്രഗവൺമെന്റിനാണ്. സംസ്ഥാന പരിധിയിൽ വരുന്ന കാര്യങ്ങൾ സംസ്ഥാന ഗവൺമെന്റും സംയുക്ത ലിസ്റ്റിൽ വരുന്ന കാര്യങ്ങൾ ഒരുമിച്ച്തീരുമാനമെടുക്കുന്നു.എന്നാൽകേന്ദ്രവും സംസ്ഥാനവും തമ്മിൽതർക്കം വരുമ്പോൾകേന്ദ്രനിയമമാണ് നിലനിൽക്കുക.”ഭരണഘടനാ ആർട്ടിക്കിൾ 200”പ്രകാരം സംസ്ഥാനങ്ങളുടെ നിയമനിർമ്മാണ പ്രക്രിയയിൽ ഇടപെടാൻ കേന്ദ്ര ഗവൺമെന്റിന് അധികാരമുണ്ട്.

( ഡോ.കെ.വി.മനോജ്. അവതരിപ്പിച്ച സെമിനാർ പ്രബന്ധത്തിൽ നിന്ന്)

# ഇണ പിരിയാത്ത മത്സ്യങ്ങൾ

ഇരു മത്സ്യങ്ങളും ചെകിളപ്പൂക്കൾ വിടർത്തി ആവുന്നത്ര പ്രാണവായു ഉള്ളിലേക്കു വലിച്ച് കിളിമകളോടു യാത്രപറഞ്ഞ് വെള്ളംവറ്റിത്തുടങ്ങിയ പാറയളുക്കുകൾക്കിടയിലൂടെ യാത്രതുടങ്ങി. അവർ ധൈര്യം കൈവിട്ടില്ല. എവിടെ യെങ്കിലും അവർക്കുവേണ്ടി ഒരു പുഴയുണ്ടാവും എന്നു കരുതി പൂവാലി പറഞ്ഞു "അഴകാ ഇനി നമ്മൾ ഏത് നാട്ടിലേക്കാണ് മടങ്ങുക. ഒരു നിശ്ചയവുമില്ല, ആ മനുഷ്യർ നമ്മുടെ ആദ്യത്തെ വാസസ്ഥലവും നശിപ്പിച്ചിട്ടുണ്ടാകും.എന്റെശ്ശുലാപ്പ ദേവിയേഞങ്ങളെകൈവിടല്ലേ”. പൂവാലിയുടെ നിറഞ്ഞു തുടങ്ങിയ കണ്ണുകൾ തുടച്ചുകൊണ്ട് അഴകൻ നിശ്ശബ്ദനായി. വെള്ളം വറ്റിത്തുടങ്ങിയ ചെറിയ അരുവിയിലൂടെ അവർ മുന്നോട്ടുനീങ്ങി. രാത്രിയിൽ അവർക്കു ഭയമായി. മനുഷ്യർ അവരെ എന്തെങ്കിലും ചെയ്താലോ? അവർ പതുങ്ങിയിരുന്നു. തെളിഞ്ഞ ആകാശത്തേക്കു നോക്കി അഴകൻപറഞ്ഞു.”എന്തു ഭംഗിയാണല്ലേ ആ നക്ഷത്രക്കൂട്ടങ്ങളെ കാണാൻ. മിന്നിമിന്നി മിന്നാമിനുങ്ങിനെപ്പോലെ”. "അഴകാ,നമ്മക്കുമാത്രം എന്താ ഇങ്ങനെ.." പൂവാലി സങ്കടപ്പെട്ടു."പൂവാലീ..........നിന്നെ ഞാൻ ആർക്കും വിട്ടു കൊടുക്കില്ല. കാരണം നീ തലമുറകൾക്കുള്ളതാണ്. നീ ജീവിച്ചിരിക്കണം. "ഇത്രയുംപറഞ്ഞ് അവർ ഇരുവരും നിദ്രയിലായി. സൂര്യൻ നിറഞ്ഞ പുഞ്ചിരി യോടെ പ്രകാശം പരത്തി. അവിടവിടെയായി പുല്ലുകളിലെ വെള്ളം ഊർന്നു തുടങ്ങി. കുഞ്ഞു കുരുവികളുടെ പാട്ടുകേട്ടുകൊണ്ട് അവർ ആ അരുവിയിൽ നീന്തിത്തുടിച്ചു. പക്ഷെ അഴകന് അപ്പോഴും മനസ്സിനുള്ളിൽ ഭയം കൂടി വന്നു. "വെയിലിന്റെ ശക്തികൂടിവരികയാണ് അരുവിയിലെ വെള്ളം താമസിയാതെ വറ്റും.



ഇവിടെ മുട്ടയിട്ടാൽ അതു വിരിയുന്നതിനു മുമ്പേ വെള്ളം വറ്റും പൂവാലീ"."അഴകാ, നാം എന്തു തെറ്റുചെയ്തിട്ടാഇങ്ങനെ..""ഇതിനെല്ലാംകാരണം മനുഷ്യരാണ് മരങ്ങൾ മുറിച്ചു,കാടുകൾവെട്ടിത്തെളിച്ചു. അതു കൊണ്ടാണ് സൂര്യന് ഇത്രയ്ക്കു ദേഷ്യം. ഭൂമിമനുഷ്യർക്കും ജീവജാലങ്ങൾക്കും ഉള്ളതാണ്.ഇപ്പോൾ അത് മനുഷ്യർക്കു മാത്രമായി തീർന്നു.സർവ്വചരാചര ങ്ങൾക്കുംമരണമാണ്.ഫലം."മൃദുല മായ കുഞ്ഞിക്കൈകൾ അഴകനെ തലോടുന്നതായി തോന്നി.അഴകൻ പറഞ്ഞു "പൂവാലീ എന്നെ ആരോ തലോടുന്നു."പൂവാലി മുകളിലേക്ക്

നോക്കിയപ്പോൾ ഒരു കൂട്ടം കുട്ടികൾ അവിടെ നില്ക്കുന്നു. കൂട്ടത്തിൽ ഒരാൾ മെല്ലെ അഴകനെ എടുത്തു . കുട്ടിയുടെമുഖം കണ്ടപ്പോൾ തന്നെ തന്നെ ദ്രോഹിക്കാൻ വന്നതല്ല എന്ന് അവനു മനസ്സിലായി. അഴകൻ കരഞ്ഞുകൊണ്ട് അവനോട് തന്റെ കദന കഥ പറഞ്ഞു."എവിടെ പൂവാലി? ഞാനൊന്നു കാണട്ടെ "കുട്ടിയുടെ ആഗ്രഹം കേട്ട് പൂവാലിക്കു നാണമായി.അവരെ സംരക്ഷിച്ചോളാം എന്നു പറഞ്ഞ് അവൻ അവരെ ഒരു കുപ്പിയിലാക്കി സ്വന്തം വീട്ടിലേക്കു കൊണ്ടു പോയി.അവിടുത്തെ കാഴ്ചകൾ കണ്ട് അവർ അതിശയിച്ചു പോയി. ഒരു വലിയ അക്വേറിയം അതിലേക്ക് പൂവാലിയേയും അഴകനേയും മാറ്റി. പൂവാലി പറഞ്ഞു "അഴകാ എന്തു നല്ല ഭംഗിയാണ് കാണാൻ കൗവ്വായിക്കായലിനേക്കാളും ഭംഗിയുണ്ട്. ഇനി നമുക്ക് ഇവിടെ താമസിക്കാം.ഞാൻ ഇവിടെ മുട്ടയിട്ട് നമ്മുടെ കുഞ്ഞുങ്ങളെ വളർത്താം."അഴകൻ തല അനക്കി."പക്ഷെ നമുക്ക് എത്രകാലം.ഇങ്ങനെ ഇവിടെ താമസിക്കാൻ കഴിയും അവർ കുറച്ചുനാൾ കഴിഞ്ഞാൽ പിന്നെയും ആ പഴയ അരുവിയിലേക്കു കൊണ്ടുവിടും അപ്പോൾ നമ്മുടെ കുഞ്ഞുങ്ങൾ ഈ സുഖം അനുഭവിച്ചാൽ അരുവിയിലേയും കൗവ്വായിക്കായലിലേയും വെള്ളം അവർ തള്ളിക്കളയും അതുണ്ടാവരുത്. കുഞ്ഞുങ്ങൾ ഉണ്ടായയുടൻതന്നെ നമുക്ക് കൗവ്വായിക്കായലിൽ എത്തിച്ചേരണം." പൂവാലിക്ക് പോകാൻ മനസ്സുണ്ടായിരുന്നില്ല. എന്നാലും അവൾ തല കുലുക്കി.ആ കുട്ടി അവർക്കുവേണ്ട തീറ്റ സമയത്തിന് ഇട്ടു കൊടുത്തു. പൂവാലിയുടെ മുട്ട വിരിഞ്ഞു തുടങ്ങി. കുഞ്ഞുങ്ങൾപുറത്തു വന്നു നീന്താൻ തുടങ്ങി. പൂവാലിക്കും അഴകനും സന്തോഷമായി. പുറത്ത് മഴ കനത്തപ്പോൾ അവർ കുട്ടിയോട് കാര്യങ്ങൾ തുറന്നുപറഞ്ഞു. "മഴ കനത്താൽ റോഡിൽ വെള്ളം കയറും. വാഹനങ്ങൾ പോലും ഓടാത്ത അവസ്ഥ ഉണ്ടാകും .ആസമയത്ത് ആരും കാണാതെ നിങ്ങളെ ആവെള്ളത്തിൽ ഒഴുക്കാം. ആ വെള്ളം ഒഴുകിയെത്തുന്നത് ഒരു തോട്ടിലേക്കാണ്.അവിടെനിന്ന് പുഴയിലേക്കും കൗവായിക്കായലിലേക്കും നിങ്ങൾക്ക്സുരക്ഷിതമായിഎത്താൻകഴിയും.".അവൻഅവരെ സമാധാനിപ്പിച്ചു. വൈകുന്നേരത്ത്ആരുംകാണാതെഅവൻ അവരെ മഴവെള്ളത്തിലേക്ക്തുറന്നുവിട്ടു. അഴകനും പൂവാലിയും നന്ദിയോടെ അവനോടു യാത്ര പറഞ്ഞു. "നീ കാരണമാണ് ഞങ്ങൾ ഇപ്പോഴും ജീവനോടെ ഇരിക്കുന്നത്. നിനക്കു നല്ലതേ വരൂ". സന്തോഷത്തോടെ അവനെ യാത്രയാക്കിയിട്ട് അഴകനും പൂവാലിയും കുഞ്ഞുങ്ങളുടെ കളികളിൽ മുഴുകി സ്വയം മറന്നു.

(അംബികാസുതൻ മാങ്ങാടിന്റെ രണ്ടുമത്സ്യങ്ങൾ എന്ന കഥയ്ക്ക് ഒരു തുടർച്ച. നീതു.വി(8.B)

# പ്രകൃതിയിന്നൊരു സ്വപ്നം മാത്രം

പോകുന്ന യാത്രയിൽ കാണുന്ന കൗതുകം
ഇനിയുമൊരിക്കൽ ലഭിക്കുകില്ല
പോകുന്ന വഴിയിലും പകലുകൾ തേടുവാൻ
കഴിയാതെ വന്നതാണിന്നു രസം
കാഴ്ചകൾ തേടി നാം
നാടായ നാടുകൾ തേടി നടക്കേണ്ട
കാര്യമുണ്ടോ?
ഉള്ള പ്രകൃതിയെ ആവോളം നോക്കുവാൻ
സാധിക്കുമെന്നൊരാ വാക്കുമാത്രം
നിങ്ങൾ പഠിക്കുന്നൊരാ നിമിഷം
ഈ ഭൂമി നമുക്കു സ്വർഗ്ഗതുല്യം.
ഒരോരോ ചുവടും മുന്നോട്ടു വെച്ചിതാ
ഇതിനായി നമ്മൾ ഇറങ്ങുകയായ്!
ഇന്നുവരെയും മറക്കാത്തൊരീ മനം-
നൊന്തു കരയുന്നിതാ നിമിഷം
തോപ്പും വയലും അണിയുന്ന പച്ചപ്പ്
കിട്ടാതെ വന്നതാണിന്നു ദുഃഖം
സംരക്ഷണമെന്ന് തേങ്ങിടുന്നു.
ദുഷ് പ്രവർത്തി കൊണ്ടീ പ്രകൃതി
മരണക്കെണിയിൽ വീണിടുന്നു.
കൈകോർത്തു
നിൽക്കുന്നിതാ മനുഷ്യർ
ഇന്ന്
പ്രകൃതിയെ ഒന്നാകെ കാർന്നെടുത്താൽ
കിട്ടുകില്ലൊരിക്കലും ഇനിയൊരു ജീവിതം
ഈ മണ്ണിലൊന്നിനി തളിർത്തിടുവാൻ!

(അക്ഷയ.എസ്)

# അക്ഷരാങ്കണത്തിലെ ദേവികടാക്ഷം

അക്ഷരമറ്റ പടിവാതിലിൽ എത്തും
അക്ഷരാംഗനേ സരസ്വതിയേ
നിൻ വീണയിൽ കേട്ട നാമജപം
എൻ നാവിൽ നിന്നിപ്പോഴും
വീണിടുന്നു
തേനും വയമ്പും കണ്ട
കൊതിക്കുന്ന
പൂമ്പാറ്റയായ് ഞാൻ വിടർന്നു
നിന്നു
അനുഗ്രഹ വർഷമതേകുന്ന താമര
ഇതളുകിയ പാലൊളി വീണ്ടുമെന്നിൽ
മണിവീണ മീട്ടുന്നെൻ മനസ്സിലും
മാണിക്യ മുത്തുകൾ ഉതിർക്കുന്നു.
വണങ്ങുന്നു നിൻ കാലിൽ വീണു
ഞാൻ ഇന്നും
എല്ലാം നൽകണമൊരമ്മയെപ്പോൽ

(അക്ഷയ.എസ്)

# മരണകാലം

ആയിരം സ്വപ്നങ്ങളിൽ തളിർക്കും
എന്റെ ചങ്ങാതിയേ
നീയിതെങ്ങുപോയി
ഓർമ്മകൾ സൂക്ഷിച്ച ചിപ്പികളിൽ
ഇന്നും
നിന്റെയാ പേരുള്ള ബുക്കുമാത്രം
അരികിൽ നീയെത്തിയ അവസാന
ദിവസം
തീയിട്ടെരിച്ചൊരാ തേങ്ങലുമായ്
പാപ്പാന്റെ ഹൃദയമതു
തീക്കനലാവുമ്പോൾ
കത്തി ജ്വലിച്ചൊരാ ചങ്ങലയും
എന്തെന്റെയുണ്ണി നീ
എന്തിത്രപെട്ടെന്നു
മായുകില്ലെന്നുമുണ്ടീ മനസ്സിൽ

( -തിരുവമ്പാടി ശിവസുന്ദറിനായ്-

അക്ഷയ.എസ്)

# അമ്മതൻ താരാട്ട്



ഉറങ്ങുവാൻ നേരമായി
ഉറങ്ങുക കുഞ്ഞികണ്ണാ.....
ഉറങ്ങികൊണ്ടിരിക്കുമ്പോൾ
നിലാവു നീ ദർശിക്കു.....

താരകങ്ങൾ കണ്ണുചിമ്പും
പൂനിലാവിൽ നീന്തി നീന്തി
പൂമണം നീ ചൊരിയേണം
എൻ പ്രിയ മകനായ്

മിന്നി മിന്നി തിളങ്ങേണം
എന്റെ പൊന്നിൻ തിളക്കമേ
അമ്മതൻ മടിത്തട്ടിൽ
ചായുറങ്ങു വാവേ

ഉറങ്ങുവാൻ നേരമായി
ഉറങ്ങുക കുഞ്ഞിക്കണ്ണാ....
അമ്മതൻ താരാട്ട്
കേട്ടുറങ്ങു വാവേ....

(അർച്ചനപി.പി 8A)

# സുന്ദരമായ യാത്ര

സ്കൂൾ പൂട്ടിയ ദിവസം ഞങ്ങൾ കുടുംബസമേതം ഒരുയാത്ര പോവാൻ തീരുമാനിച്ചു. ഒരു ചെറിയ യാത്ര. എന്റെ നിർബന്ധത്തോടെയാണ് ഈ യാത്ര പോവുന്നത്.ഞാൻ വളരെ സന്തോഷത്തോടെയാണ് യാത്ര പുറപ്പെടുന്നത്. കോഴിക്കോട് ബീച്ച് കാണാനായിരുന്നു തീരുമാനിച്ചിരുന്നത്. ബസ്സിലാണ് യാത്ര.ബസ്സിന്റെ അരികിലെ സീറ്റിൽ ഞാൻ ഇരുന്നു. കൈ ഒന്നു പുറത്തിട്ടു നോക്കി ഹായ് എന്തു സുഖം ഒരു ചെറിയ കാറ്റ് എന്റെ കയ്യിൽ തഴുകി. കൈയിൽ പെട്ടെന്നൊരു തണുപ്പ്. ബസ്സിലെ കമ്പികൾക്കിടയിലൂടെ നോക്കിയപ്പോൾ മരങ്ങൾ പിന്നോട്ടു പോവുന്നു. ഇതിനിടക്ക് ഒരു ചാറ്റൽ മഴപെയ്തു. തണുത്തമഴത്തുള്ളികൾ എന്റെ മുഖത്തിൽ പതിച്ചു. ശരീരമാകെ കുളിർത്തു. അമ്മ പറഞ്ഞു ഷട്ടർ അടക്കാൻ . പക്ഷേ ഞാൻ അതിനു തയ്യാറെടുത്തില്ല. അമ്മ വഴക്കു പറഞ്ഞു. ഷട്ടർ പകുതി താഴ്ത്തി. മഴ എന്നാലും എന്നെ കൈവിടാത്ത പോലെ..... ഷട്ടറിനിടയിലൂടെ മഴത്തുള്ളികൾ വീണു. ഷട്ടറിനിടയിലൂടെ നോക്കിയപ്പോൾ ഒരു സുന്ദരമായ കാഴ്ച. അമ്മ എന്നെ വഴക്കു പറയുന്നുണ്ടായിരുന്നു. ഞാനത്കാര്യമാക്കിയില്ല. കമ്പികളിലൂടെ ഒറ്റി വീഴുന്ന മഴത്തുള്ളികൾക്കിടയിലൂടെ ഞാൻ നോക്കി.ഒരു വലിയപാടം അതിലൂടെ കൊറ്റികൾ വട്ടമിട്ടു പാറുന്നു. പാടത്തിനരികിലൂടെ കർഷകർ പണിയെടുക്കുന്നു. ഏട്ടനോടു പറഞ്ഞു എന്തു രസമാ ഈ കാഴ്ചകാണാൻ. ഏട്ടൻ എന്നെ നോക്കിയതു പോലുമില്ല. മഴ കുറഞ്ഞു. സ്ഥലമെത്തി. ഞങ്ങൾ വണ്ടിയിൽ നിന്നിറങ്ങി.ഹായ് എന്തു ഭംഗി . ഒരു വലിയ കടൽ. അമ്മ പറഞ്ഞു. ഇതാണ് കോഴിക്കോട് ബീച്ച്.ഞാൻ ഓടിച്ചെന്നു. എന്റെ കാലുകൾ മണലിൽ പുതഞ്ഞു. തിരമാല തുള്ളി തുള്ളി വരുന്നു. ഇതൊക്കെ കാണാൻ എന്തുഭംഗി!കടലിലെ വെള്ളം ഞാൻ ഒന്നു രുചിച്ചുനോക്കി. കുട്ടികളൊക്കെ പറയുന്നതു കേട്ടിട്ടുണ്ട് ഉപ്പുരുചിയായിരിക്കുമെന്ന്. അമ്മയുംഅച്ഛനും ഏട്ടന്മാരും ഞാൻ കളിക്കുന്നതു നോക്കി നിക്കുന്നു. ഉച്ചയായി ഞങ്ങൾ ഭക്ഷണം കഴിച്ചു.ഞങ്ങൾ യാത്ര തിരിച്ചു.വീട്ടിലേക്ക് പോവുമ്പോൾ എനിക്കു സങ്കടം തോന്നി. ഈ യാത്ര ഒരിക്കലും മറക്കാൻ കഴിയില്ല.

(വിസ്മയ ദുർഗ്ഗ )

# കേശു

ഞങ്ങളുടെ സ്കൂളിൽ ഈ വർഷം നടന്ന ഫിലിം ഫെസ്റ്റിവലിൽ ഞാൻ കണ്ട സിനിമയാണ് കേശു.ചെവി കേൾക്കാൻ കഴിയാത്ത, സംസാരിക്കാൻ കഴിയാത്ത കേശു എന്ന കുട്ടിയാണ് ഇതിലെ പ്രധാന കഥാപാത്രം.കേശു കാണിക്കുന്ന കുസൃതികൾ ആണ് എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത്. അവന്റെ പകുതി കുസൃതിയിലും പകുതിമുക്കാലും സമയവും ഉപയോഗിക്കുന്നത് തവണഉപയോഗിച്ചാണ് . എന്തു പറഞ്ഞാലുംഅവനെ കുറ്റമുണ്ടോ കുകയാണ് എന്നാണ് അവന്റെ വിചാരം . അവനെ കുറിച്ച് ഒരോ കുറ്റങ്ങൾ വന്നു തുടങ്ങിയപ്പോൾ അവൻെറ മുത്തച്ഛന് ദേഷം വന്നു തുടങ്ങിയാൽ അവനെ കുറിച്ച് ഓരോ കുറ്റങ്ങൾ വന്നു തുടങ്ങിയാൽ അവനെ മുത്തച്ഛൻ വെറുതെ വിടുകയില്ല. അവനെ ആറു വയസ്സുവരെ നോക്കിയത് അവന്റെ അമ്മയുടെ കൂട്ടുകാരിയാണ്. അവനെ പ്രസവിച്ചപ്പോൾ തന്നെ അവന്റെ അമ്മ മരിച്ചുപോയി.അവൻ ഊമ യായിരുന്നു.അതുപോലെ കേൾവി കുറവുംഉണ്ടായിരുന്നു.അതു രണ്ടുമി-ല്ലെങ്കിലുംഅവന് ചിത്രം വരക്കാനുള്ള കഴിവുണ്ട്.അവൻ ചിത്രം വരച്ച് അവന്റെ മുറി നിറച്ചിരുന്നു.നല്ല ഭംഗിയുള്ള ചിത്രങ്ങൾ. ഒരു ദിവസം ഒരു ഏട്ടൻ വന്നു ചോദിച്ചു ഇവിടെ അടുത്ത് ജോലിചെയ്യുന്ന ഒരു ടീച്ചറിനെ ഇവിടെ താമസിപ്പി-ക്കാമോ.മുത്തച്ഛൻ സമ്മതിച്ചു.കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ആ ടീച്ചർ വീട്ടിൽ വന്നു.പുതിയ ഒരാൾ വന്നപ്പോൾഅവന് മനസ്സിലാകാ-ത്തതുകൊണ്ട് അവൻ ഒന്നും പറ- യാതെ വേഗം ചോറു കഴിച്ച് വേഗം ഓടി. ഒരു ദിവസം ചിത്രം വരച്ചത് നോക്കുമ്പോൾ കേശു അവിടെ വന്നു.ആ ടീച്ചറുടെ തലയിലേക്ക് കവണ കൊണ്ട് തൊടുത്തു വിട്ടു. എന്താണ്....എന്താണ്....എന്നു ചോദിച്ചു കൊണ്ട് മുത്തശ്ശി ഓടി വന്നു.ഒന്നുമില്ല.മുത്തശ്ശി ജനലിലേക്ക് നോക്കി അപ്പോൾ കേശു തലതാഴ്ത്തി.എല്ലാവരെയും വിളിച്ചു. മുത്തച്ഛൻ തല്ലാൻ വേണ്ടി ഓങ്ങിയപ്പോൾ ആ ടീച്ചർ വേഗം കേശുവിനെ മറച്ചു.കേശു ക്ഷമ പറഞ്ഞു.അതു സാരമില്ല എന്നു ടീച്ചർപറഞ്ഞു.

അന്നു മുതൽ ആ ടീച്ചറാണ് കേശുവിനെ നോക്കിയത്. ക്ലാസിൽ ചേർത്തു അവസാനം ടീച്ചർക്കു പോകേണ്ട സമയമായി രണ്ടാൾക്കും വിഷമമായി . കേശു കരഞ്ഞു.കുറച്ചു ദിവസം കഴിഞ്ഞപ്പോൾ മുത്തച്ഛന് ഒരു കുറിപ്പ്കൊടുത്തു.എന്നെ ഇനിയും പഠിപ്പിക്കാമോ..? പിന്നീട് മുത്തച്ഛൻ

അവനെ സ്കൂളിലേക്ക് കൊണ്ടു പോകുന്ന ദൃശ്യത്തോടെ ചിത്രം അവസാനിച്ചപ്പോൾ എനിക്ക് വളരെ ആശ്വാസമായി.......

## ദിബിയോൺഡ്

ഉച്ചയ്ക്കു ശേഷം ഷോർട്ട് ഫിലിമുകളാണ് പ്രദർശിപ്പിച്ചത്. അതിൽ ആദ്യത്തേത് " ദി ബിയോൺഡ് " ആയിരുന്നു. മാരിയപ്പൻ എന്ന കുട്ടിയാണ് ഇതിലെ പ്രധാന കഥാപാത്രം.മാരിയപ്പയുടെ അച്ഛൻ ഒരു ചെരുപ്പുകുത്തിയാണ്. ഒരു ദിവസം ഫുട്ബോൾ കളിക്കുന്നതിനിടയിൽ ഒരു കുട്ടിയുടെ ചെരുപ്പുതട്ടി കാലുവേദനിച്ച് അവന്റെ അച്ഛന്റെ അടുത്തേക്ക് ചെന്നു. "കാല് ഒടിച്ചു വന്നിരിക്കുന്നോ ?" എന്ന്അച്ഛൻ ചോദിച്ചു.അവൻ അച്ഛനോട് ഒരു ഷൂ ചോദിച്ചു . അച്ഛൻ കള്ളു കുടിയനാണ്. "കളിച്ചു നടക്കാതെ നീ വല്ല ജോലിയും ചെയ്തു പഠിക്ക് " എന്നു പറഞ്ഞുകൊണ്ട് അച്ഛൻ അവിടെനിന്ന് എഴുന്നേറ്റുപോയി. ഒരു അമ്മയും മകനും അവന്റെ കൈയ്യിൽ ഒരു ജോഡി ഷൂ കൊടുത്തിട്ട് തുന്നിവെയ്ക്ക് വൈകിട്ടുവരാം എന്നു പറഞ്ഞുപോയി. ഷൂ നേരേയാക്കിയപ്പോൾ അതു ധരിച്ച് കളിക്കണമെന്ന ആഗ്രഹത്തിൽ അവൻ കളിക്കാൻ പോയി.കളിയിൽ അവൻജയിച്ചു.പക്ഷേ ഷൂ പൊളിഞ്ഞു പോയി.ആ ഷൂവുമായി അച്ഛന്റെ അടുത്തെത്തിയപ്പോൾ ഷൂ കൊടുത്ത സ്ത്രീയും മകനും അവിടെ എത്തി. ആ സ്ത്രീയുടെ മുൻപിൽ വെച്ച് അച്ഛൻ അവനെ ശകാരിച്ചു. പീന്നീട് ഷൂ ശരിയാക്കി നല്കി. ഇതു കണ്ടുനിന്ന ആ സ്ത്രീയുടെ മകൻ ഷൂ മാരിയപ്പയ്ക്ക് നല്കി തിരിച്ചുപോയി.ഇതു കണ്ട അച്ഛൻ സഞ്ചിയിലിരുന്ന മദ്യകുപ്പി പുറത്തെടുത്ത് ഒഴിച്ചു കളഞ്ഞു.

## അംബാനി ദ മില്യണർ

ആ ഷോർട്ട് ഫിലിം വളരെ നന്നായിരുന്നു. കള്ളു കുടിയനായ അച്ഛൻ ഉപേക്ഷിച്ച മദ്യക്കുപ്പിവിറ്റു കിട്ടിയ കാശു കൊണ്ട് കുട്ടി സൈക്കിൾ വാടകയ്ക്കെടുക്കുന്നു.ആ സൈക്കിളിൽ അവൻ പാൽവില്ക്കാൻ സഹായിക്കുന്നു. അതിൽ നിന്നു കിട്ടിയ കാശു കൊണ്ട് അവൻ പുതിയ സംരഭം തുടങ്ങുന്നു.വൈകുന്നേരമാകുമ്പോഴെക്കും അവൻ ഒരു ചെറുതല്ലാത്ത ഒരു തുക ലഭിക്കുന്നു.ആ സമ്പാദ്യം അവൻ എണ്ണിത്തിട്ടപ്പെടുത്തുമ്പോൾ മദ്യപാനിയായ അവന്റെ അച്ഛൻ അവിടേക്കു കടന്നു വരുന്നു.അവന്റെ ദയനീയമായ നോട്ടം കണ്ട് അവന്റെ അച്ഛൻ അവനെ സമാധാനിപ്പിക്കുന്ന തരത്തിൽ ചിരിക്കുന്നു.അവൻ അച്ഛൻ ഒരു സല്യൂട്ട് നല്കുന്നു.ഫിലിം ഫെസ്റ്റിവലിൽ പ്രദർശിപ്പിച്ച സിനിമകളെല്ലാം എനിക്ക് നല്ല ഇഷ്ടമായി. (സാന്ദ്ര 5A)

# മരണക്കാറ്റ് വീശിയ നിപ.....

നിപവൈറസ് മരണഭീതിപരത്തി സംസ്ഥാനത്തെവിറപ്പിച്ചത് രണ്ടുമാസത്തോളമാണ്.ആധുനികവൈദ്യശാസ്ത്രത്തിനുപോലുംപ്രതിവിധികണ്ടെത്താനായില്ല എന്നത് നിരാശാജനകമാണ് .ഇന്നും അത് നീറുന്ന നൊമ്പരങ്ങളായി നമ്മുടെയെല്ലാം ഹൃദയത്തിൽ തളംകെട്ടിനിൽക്കുന്നു. കോഴിക്കോട് എന്ന ജില്ലയെ തന്നെ നാം അകറ്റിനിർത്തിയിരുന്നു.

കോഴിക്കോട് മലപ്പുറം ജില്ലകളിൽ വ്യാപിച്ച ഈ വൈറസ് 17 പേരുടെ ജീവനാണെടുത്തത്. പ്രതിരോധ പ്രവർത്തനങ്ങൾ കൃത്യമായി നടത്തിയതിനാൽ രോഗം വ്യാപിക്കുന്നത് വളരെ പെട്ടെന്ന് തടയാനായി. ചില പ്രത്യേകതരം പഴംതീനി വവ്വാലുകളുടെ ശരീരത്തിൽ കാണപ്പെടുന്ന RNA വൈറസാണ് നിപ. എബോളയ്ക്കുശേഷം ലോകത്തിന് ഏറ്റവും ഭീഷണിയായേക്കാവുന്ന രോഗമെന്ന് ലോകാരോഗ്യ സംഘടന വിലയിരുത്തിയ നിപ





വൈറസ് കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയെ ആകമാനം ഉലച്ചുകളഞ്ഞു. .വൈറസ് ബാധ സ്ഥിരീകരിച്ച രണ്ടുപേർ അത്ഭുതകരമായി ജീവിതത്തിലേക്കു തിരിച്ചുവന്നപ്പോൾ 17 പേർക്ക് ജീവൻനഷ്ടപ്പെട്ടു. രോഗികളുമായി അടുത്തിടപഴകേണ്ടിവന്ന രണ്ടായിരത്തോളം പേർ നിരിക്ഷണത്തിലായി. രോഗിയെ പരിചരിക്കുന്നതിനിടെ രോഗം ബാധിച്ച മരിച്ച ലിനിയെന്ന നഴ്സ് തീരാനോമ്പരമായി. സംസ്ഥാനത്തെ സമ്പദ് രംഗത്തെപ്പോലും രോഗം പ്രതിസന്ധിയിലാക്കി.

( അഭിരാമി.പി 10 A)

# പിറന്നാൾ മധുരം

എന്റെ പിറന്നാളിന് അച്ഛൻ പുത്തൻ ചുരിദാർ വാങ്ങിത്തരാമെന്ന പറഞ്ഞിരുന്നു.എന്നാൽ പിറന്നാൾ ദിവസം എത്തിയിട്ടും എനിക്ക് ചുരിദാർ കിട്ടിയില്ല.എന്റെ ചേച്ചിയുടെ ഡ്രസ്സാണ് അന്ന ഞാൻ ഇട്ടത്.ഞാൻ അന്ന സ്കൂളിൽ പോയില്ല.എന്റെ മനസ്സ് വല്ലാതെ വിഷമിച്ചു.എന്റെ പിറന്നാളിന് അച്ഛൻ ഒന്നും വാങ്ങിത്തന്നില്ലല്ലോ എന്ന ദുഖം എന്നെ അലട്ടിക്കൊണ്ടിരുന്നു.അമ്മ ഉച്ചയ്ക്ക് സദ്യ ഉണ്ടാക്കി. കുടുംബത്തിലുള്ള എല്ലാവരും ഒന്നിച്ചിരുന്ന പിറന്നാൾ സദ്യ കഴിക്കുമ്പോഴും എന്റെ ഉള്ളിൽ ചുരിദാറിനെക്കുറിച്ചുള്ള ചിന്തയായിരുന്നു.കൂട്ടുകാർക്ക് ഞാൻ മിഠായി നല്കി.ആ സന്തോഷവേളയിലും അച്ഛൻ പറഞ്ഞ വാക്ക് പാലിച്ചില്ലല്ലോ എന്ന ഒരു വേദനയുണ്ടായിരുന്നു.അയൽവീട്ടിലെ കുട്ടികളോടൊത്തു കളികളിൽ മുഴുകിയപ്പോൾ ഞാൻ ആ കാര്യം വിട്ടു. നേരം വൈകിയിരുന്നു.സ്കൂളിലെ കൂട്ടുകാർ എന്നെ വിളിച്ച് പിറന്നാൾ ആശംസകൾ നേർന്നു. അതൊക്കെ കഴിഞ്ഞ് വീട്ടിൽ വിളക്കു വെയ്ക്കുന്ന നേരത്ത് അച്ഛൻ എന്റെ കൈയിൽ ഒരു പൊതിവെച്ചുതന്നു. ആകാംക്ഷ യോടെ ഞാൻപൊതി തുറന്നു.ഞാൻ അത്ഭുതപ്പെട്ടു പോയി.നല്ല ഭംഗിയുള്ള ഒരു ചുരിദാർ.സന്തോഷം കൊണ്ട് എന്റെ കണ്ണു നിറഞ്ഞു.

*(കൃഷ്ണ.പികെ)*

# വിദ്യാരംഗം പഠനയാത്ര

പാലക്കാട്ടെഇതിഹാസഭൂമിയിലൂടെ നടത്തിയ യാത്ര ഒ.വി.വിജയൻ എന്ന എഴുത്തുകാരനെയും കാർട്ടൂണിസ്റ്റിനെയും അടുത്തറിയാനുള്ള അവസരമായിരുന്നു. ഖസാക്കിന്റെഇതിഹാസ സ്മരണകൾ ഉണർത്തുന്നവയായിരുന്നു അവിടെക്കണ്ട ഓരോ ദൃശ്യവും. രവി ബസ്സിറങ്ങിയ കൂമൻകാവിൽ ഒരു വഴിയമ്പലം ഒരുക്കിയിട്ടുണ്ട്.വഴിയമ്പലം കടന്ന് മുന്നോട്ട് നീങ്ങിയ ഞങ്ങളുടെ ബസ്സ് മുന്നിൽ കണ്ട ഇടിങ്ങിയ വഴിക്കു മുന്നിൽ ഒന്ന് മടിച്ചു നിന്നു.രവി നടന്നവഴിയിലൂടെ നടക്കാൻ തന്നെ ഞങ്ങൾതീരുമാനിച്ചു. മൈലാഞ്ചികൾ അതിരിട്ട വഴിയിലൂടെ ഞങ്ങൾ നടന്നു.വിശാലമായ പാടശേഖരം കുട്ടികളിൽ കൗതുകം ഉണർത്തി. ചുവടുറച്ചു തുടങ്ങിയതേയുള്ളെങ്കിലും നെൽച്ചെടികൾ ഞങ്ങളെക്കണ്ട് നൃത്തം വെച്ചു.എണ്ണത്തിൽ കുറവെങ്കിലും അവശേഷിച്ച കരിമ്പനകൾ അഭിമാനത്തോടെ തലയുയർത്തി ഞങ്ങളെ എതിരേറ്റു. എതിരെ വന്ന പ്രായം ചെന്ന ഒരു നാട്ടുകാരൻ ചിരിച്ചു കൊണ്ട് കുശലം ചോദിച്ചു. പ്രകൃതിഭംഗി ആസ്വദിച്ചുകൊണ്ട് മുന്നോട്ട് നടന്ന ഞങ്ങൾ ഒ.വി വിജയൻ സ്മാരകത്തിന്റെ പ്രവേശന കവാടത്തിലെത്തി. പ്രവേശന കവാടം കടന്നാൽ വലതുവശത്തായി ഞാറ്റുപുരയാണ്.അത് പഴയതു പോലെ തന്നെ നില*നിർത്തി യിരിക്കുന്നു.*



ഞാറ്റുപുര



*സ്മാരകത്തിന്റെ* സംരക്ഷണച്ചുമതലയുള്ള ആളുടെ നിർദ്ദേശപ്രകാരം ഞങ്ങൾ അവിടെയുള്ള സന്ദർശകപുസ്തകത്തിൽ പേരുചേർത്തു. ഞാറ്റുപുര യുടെ മുൻവശത്തായി ഒ.വി വിജയന്റെ ഒരു പ്രതിമസ്ഥാപിച്ചിരിക്കുന്നു.ഞാറ്റുപുരയിൽ മൂന്നുമുറികളാണുള്ളത്.ഒ.വിവിജയൻ വരച്ച പ്രസിദ്ധങ്ങളായ കാർട്ടൂണു കളിൽ ചിലത്

വലതു വശത്തെ മുറിയുടെ ചുവരിൽ പ്രദർപ്പിച്ചിരിക്കുന്നു. നടുവിലുള്ള മുറി വീഡിയോ ഗാലറിയാണ്.അവിടെ പതിനഞ്ചു പേർക്കുള്ളഇരിപ്പിടമാണ്. ഒരിക്കിയിട്ടുള്ളത്.. കൂടുതലാളുകളുള്ളപ്പോൾ പ്രദർശനം പുതിയ കെട്ടിടത്തിലെ വിശാലമായ ഹാളി ലാണ് നടത്തുക.ഇടതുവശത്തെ  മുറിയിൽ ഒ.വി വിജയന്റെ ഫോട്ടോകളാണ് ഒരുക്കിയിരിക്കുന്നത്.

അവിടുത്തെ കാഴ്ചകൾക്കുശേഷം ഞങ്ങൾ പുതിയ കെട്ടിടത്തിലേക്കു പ്രവേശിച്ചു. അവിടെ ഞങ്ങളെ കാത്ത് മുരളി സാറുണ്ടാ യിരുന്നു. അദ്ദേഹം ഒ.വി വിജയനെക്കുറിച്ചും"ഖസാക്കിന്റെഇതിഹാസ"ത്തെക്കുറിച്ചും സംസാരിച്ചു. വളരെ ലളിതവും വിജ്ഞാനപ്രദവുമായിരുന്നഅദ്ദേഹത്തിന്റെക്ലാസ്സ്.തുടർന്ന്ഒ.വി വിജയനെക്കുറിച്ചുള്ളഒരു ഡോക്യുമെന്ററി കണ്ടു.അതിനുശേഷം അവിടെ എന്തൊക്കെയാണ് കാണാനുള്ളത് എന്ന് മുരളിസാർ ഞങ്ങൾക്കു പറഞ്ഞു തന്നു. അതനുസരിച്ച് ഞങ്ങൾ ഹാളിനുള്ളിലും പുറത്തുമുള്ള കാഴ്ചകൾ കുറഞ്ഞ സമയംകൊണ്ടു ചുറ്റിക്കണ്ടു.ഹാളിനുള്ളിലെ ജീവസ്സുറ്റ ചുമർചിത്രങ്ങൾ നോവലിലെ രംഗങ്ങളെ ഓർമ്മിപ്പിച്ചു.പുറത്തായി ഒരുക്കിയിരിക്കുന്ന ശില്പവനത്തിലൂടെ ഒ.വി.വിജയന്റെ ശബ്ദം ശ്രവിച്ചു കൊണ്ടു നടക്കാം. കൂടുതൽ സമയം അവിടെ ചിലവഴിക്കാനില്ലായിരുന്നു.



11

കൊല്ലങ്കോട്ടെ വീട്ടിൽ ഞങ്ങളെ കാത്ത്ആഷാമേനോൻ എന്ന എഴുത്തുകാരനുണ്ടായിരുന്നു.

2.30 മണിയോടെഞങ്ങൾ ആഷാ മേനോന്റെവീട്ടിലെത്തി.
ഞങ്ങൾ ചെല്ലുമ്പോൾ ആ പഴയ തറവാട്ടിൽ അദ്ദേഹം തനിച്ചായിരുന്നു. അദ്ദേഹ ത്തിന്റെ ഒപ്പം അര മണിക്കൂറോളം അദ്ദേഹത്തോ ടൊപ്പം ചെലവഴിച്ചു. ഒമ്പതാം ക്ലാസ്സിലെ "ഒറ്റയ്ക്കുപൂത്തൊരുവാക"എന്ന പാഠഭാഗത്തെ ക്കുറിച്ച് കാര്യങ്ങൾ ചോദിച്ചറിഞ്ഞു. സ്കൂളിലെ മുഴുവൻ കുട്ടികളുമായി

സംവദിക്കാൻ അദ്ദേഹം സന്നദ്ധതയറിയിച്ചു. അദ്ദേഹത്തോടു നന്ദി പറഞ്ഞ് ഞങ്ങൾ അവിടെ നിന്നിറങ്ങി.

ഉച്ച ഭക്ഷണത്തിനു ശേഷം ഞങ്ങൾ അഹല്യ ഹെറിറ്റേജ്സെന്ററിലേക്കാണ്.കേരളത്തിന്റെസംസ്കാരിക പാരമ്പര്യത്തെ അടുത്തറിയാനുള്ള അവസരമായിരുന്നു അത്. കൂത്തമ്പലത്തിൽ ഞങ്ങൾക്കായി നാടൻ പാട്ട് ഒരുക്കിയിരുന്നു ഒരു മണിക്കൂറോളം നാടൻപാട്ടുകാരോ ടൊപ്പം ആടിയും പാടിയും ചെലവഴിച്ച ഞങ്ങൾ ഒരു മണിക്കൂർ പോയതറിഞ്ഞതേയില്ല. തുടർന്ന് ഞങ്ങൾ അവിടെയുള്ള മ്യൂസിയം സന്ദർശിച്ചു.പഴയകാല ഗൃഹോപകരണങ്ങൾ, ടെറാക്കോട്ടാ ശില്പങ്ങൾ, വാദ്യോപകരണങ്ങൾ, വിവിധശൈലികളിലുള്ള ചുവർ ചിത്രങ്ങൾ ഇവയെല്ലാം വളരെ മനോഹരമായി ക്രമീകരിച്ച വെച്ചിട്ടുണ്ടിവിടെ.നമ്മുടെസംസ്കാരത്തെ അടുത്തറിയാൻ സഹായിക്കുന്ന അഹല്യ ഹെറിറ്റേജ് സെന്റർ സന്ദർശനംവളരെ വിജ്ഞാന പ്രദമായിരുന്നു.ആറരയോടെ ഞങ്ങൾ അവിടെ നിന്ന് മടങ്ങി. ഇന്ന് ഞങ്ങളുടെ കൂട്ടുകാരിൽ ചിലർ മൈസൂറിലേക്കുള്ള വിനോദയാത്രയിലാണ്. ആ യാത്രയിൽ പങ്കെടുക്കാൻ കഴിയാത്തതിൽ വിഷമം തോന്നിയിരുന്നു.എന്നാൽ ഈ യാത്ര ഞങ്ങളെ സംബന്ധിച്ചിടത്തോളംവളരെവിജ്ഞാനപ്രദവും സന്തോഷപ്രദവുമായിരുന്നു. ആഹ്ലാദകരമായ ഒരു ദിവസത്തിനുശേഷം വീണ്ടും വിദ്യാലയാന്തരീക്ഷത്തിലേക്ക് കൂടുതൽ ആത്മവിശ്വാസത്തോടെ ...



(ദീപ എം.കെ 10 C)

# കേരളത്തിലെ വാദ്യോപകരണങ്ങൾ

## 1.ചെണ്ട.

കേരളീയതാളവാദ്യങ്ങളിൽ അദ്വിതീയസ്ഥാനമുള്ള ചെണ്ട നമ്മുടെ നാട്ടിലെ സർവസാധാരണമായ ഒരു വാദ്യം കൂടിയാണ്. കഥകളി,തായമ്പക, കേളി തുടങ്ങിയവയിലെല്ലാം തന്നെ ചെണ്ട ഒരുപ്രധാന വാദ്യമാണ് .15 മുതൽ 17 വിരൽ നിളമുള്ളതും 9 മുതൽ $9^{3}/_{4}$ വിരൽ വരെ വ്യാസവുമുള്ളതുമായ



പ്ലാവിൻകുറ്റിയാണ്സാധാരണയായിചെണ്ടയുണ്ടാക്കാൻഉപയോഗിക്കുന്നത്. ദേവാംശവും അസുരാംശവും അടങ്ങിയിട്ടുള്ള വാദ്യോപകരണമാണ് ചെണ്ട . അതിന്റെ വലന്തല ദേവവാദ്യവും ഇടന്തല അസുരവാദ്യവുമാണ് .

## 2.മദ്ദളം

ചെണ്ടയെപ്പോലെ തന്നെ പല മേള പ്രയോഗങ്ങളിലും സവിശേഷമായസ്ഥാനമലങ്കരിക്കുന്ന ഒരു വാദ്യമാണ് മദ്ദളം . മൃദംഗത്തിന്റെവലിയ രൂപമായമദ്ദളത്തിന് സംഗീതാത്മകത്വം കൂടപ്പിറപ്പാണ് . കേളി ,മദ്ദളക്കേളി പഞ്ചവാദ്യം തുടങ്ങിയ പല കലാരൂപങ്ങളിലും മദ്ദളം ഉപയോഗിക്കുന്ന മദ്ദളത്തിനുമുണ്ട് ഇടന്തലയും വലന്തലയും.വലന്തലക്ക് കാളത്തോലും ഇടന്തലക്ക് പോത്തിൻ തോലുമാണ് ഉപയോഗിക്കാറ് .



## 3.തൊപ്പി മദ്ദളം

മദ്ദളത്തിന്റെ തന്നെ വിഭാഗമാണിത് . ചോറിട്ടിട്ടുള്ള മദ്ദളമാണ് ശുദ്ധ മദ്ദളം . കൃഷ്ണനാട്ടത്തിന് മാത്രമേ ഇപ്പോൾ ഈ ഉപകരണം ഉപയോഗിക്കാറുള്ളൂ . പണ്ട് രാമനാട്ടത്തിനും കൂടിയാട്ടത്തിനുംതൊപ്പി മദ്ദളം ഉപയോഗിച്ചിരുന്നു.മേളം കൊഴുപ്പിക്കാൻ ഈ വാദ്യത്തിനുള്ള കഴിവ് ഒരു പ്രത്യേകത തന്നെയാണ്.

## 4.തിമില

പഞ്ചവാദ്യമെന്ന സുപ്രസിദ്ധ മേളരൂപ ത്തിലെ പ്രധാന അംഗമാണ് തിമില . വേദവാദ്യമായ തിമിലക്ക് തികഞ്ഞ ആദിജാത്യമുണ്ട് പഞ്ചനാദ്യമൊഴിച്ച് മറ്റു മേള.പ്രയോഗങ്ങളിൽ തിമില അധികം ഉപയോഗിച്ചുകാണുന്നില്ല.തിമില അധികം ഉപയോഗിച്ചു കാണുനില്ല . "തോം" "ത" എന്നീ രണ്ട് ശബ്ദങ്ങളേ ഇതിൽപുറപ്പെട്ടുവരിക.പഞ്ചവാദ്യത്തിൽതിമില പ്രധാനഘടകമാണ് .



## 5 ഇടയ്ക്ക

ഇടയ്ക്കപോലെ സംഗീതത്തോട് ഇത്രയധികം ഇഴുകിച്ചേർന്ന മറ്റൊരു മേളവാദ്യവും കേരളത്തിൽ വേറെ ഇല്ല . പഞ്ചവാദ്യം , ഇടക്ക , പ്രദക്ഷിണം , അഷ്ടപദി , തുടങ്ങിയവയെല്ലാം ഇടക്ക



6.പാണി

ചെണ്ടയും മദ്ദളവും ചേർന്ന രൂപമാണ് ഇതിന്. വരിക്കപ്ലാവിന്റെ കുറ്റിയിൽ പശുവിന്റെ തോൽ കെട്ടിയാണ് ഇതിന്റെ നിർമ്മാണം. കർണമധുരമായ ശബ്ദമൊന്നും ഇതിൽ നിന്നും പുറപ്പെടാറില്ല ഇടന്തലയും വലന്തലയും വ്യത്യാസമില്ലാതെ വാറിട്ട മുറുക്കുന്നവാദ്യമാണിത് .

7.കൊമ്പ്

കേരളീയ വാദ്യോപകരണമായ കൊമ്പ് വെങ്കലത്തിൽ നിർമിച്ച വളഞ്ഞ കുഴൽരൂപത്തിലുള്ള ഒരു സുഷിരവാദ്യമാണ്. വായിൽ ചേർത്ത് പിടിക്കുന്ന ചെറുവിരൽ വണ്ണത്തിലുള്ള താഴത്തെ ഭാഗം, ക്രമേണ വ്യാസം കൂടി വരുന്ന മദ്ധ്യ ഭാഗം, വീണ്ടും വ്യാസം വർദ്ധിച്ച് തുറന്നിരിക്കുന്ന മുകൾ ഭാഗം എന്നിങ്ങനെ മൂന്ന് ഭാഗങ്ങളുണ്ട്. ഊതേണ്ട



ഘട്ടത്തിൽ ഈ മൂന്ന് ഭാഗങ്ങളെ പിരിയിട്ട് ഘടിപ്പിക്കുന്നു. പഞ്ചവാദ്യത്തിൽ കൊമ്പിനു പ്രധാന പങ്കുണ്ട്. ഇത് ഊതാൻ ശ്വാസനിയന്ത്രണവും നല്ല അഭ്യാസവും ആവശ്യമാണ്

( ഹരികേശ് 6A)

# സയൻസ് ക്ലബ്ബ് പഠനയാത്ര




വേൾഡ് സ്പേസ് വീക്ക് 2018 നോടനുബന്ധിച്ച് പാലക്കാട് മേഴ്സി കോളേജിൽ ഒക്ടോബർ 8 മുതൽ 11 വരെ ഇന്ത്യൻ സ്പേസ് റിസേർച്ച് ഓർഗനൈസേഷന്റെ ആഭിമുഖ്യ- ത്തിൽ നടന്നു വന്നിരുന്ന പ്രദർശനം കാണുന്നതിനുള്ള അവസരം ഈ സ്കൂളിലെ കുട്ടികൾക്കും ലഭിച്ചു. സയൻസ്ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നാല്പത്തിയൊന്നു കുട്ടികളും ആറ് അദ്ധ്യാപകരുമാണ് ഇതിൽപങ്കെടുത്തത്.വിവിധ ബഹിരാകാശ പദ്ധതികളുടെയും ദൗത്യങ്ങളുടെയും മാതൃക ഇവിടെ പ്രദർശിപ്പിക്കപ്പെ ട്ടിരുന്നു. ബഹിരാകാശ യാത്രികരെ വഹിക്കുന്ന പേടകത്തിന്റെ മാതൃക , റോക്കറ്റ്,റോക്കറ്റ് എൻജിനുകൾ എന്നിവയുടെ മാതൃകകൾ ഇവ യൊക്കെ കുട്ടികൾക്ക് പുതിയൊരു നുഭവമായിരുന്നു.ഐ.എസ് ആർ .ഒ യുടെ സൂര്യപര്യവേഷണ ദൗത്യമായ "ആദിത്യ" , മനുഷ്യരെ ബഹിരാകാശത്തെത്തിക്കാനുള്ള ഭാവി ദൗത്യമായ ഗഗൻയാൻ എന്നിവയെക്കുറിച്ച് കുട്ടികൾക്ക്വി.എസ്.എസ്.സിയിലെ ശാസ്ത്രജ്ഞന്മാർ വിശദീകരിച്ചു കൊടുത്തു. ഒരു മണിക്കൂർ നീണ്ട പ്രദർശനം കുട്ടികൾക്ക് വേറിട്ടൊരനുഭവമായിരുന്നു.

# അച്ചുവും കിച്ചുവും

ഒരിടത്ത് ബുദ്ധിമാന്മാരായ രണ്ട് കരടികൾ ഉണ്ടായിരുന്നു അച്ചു കിച്ചു എന്നാണ് അവരുടെ പേര് കാട്ടിലൂടെ അവർ നടന്നുപോവുകയായിരുന്നു അപ്പോഴാണ് രക്ഷിക്കണേ രക്ഷിക്കണേ എന്ന് ആരോ ഉച്ചത്തിൽ പറയുന്നത് കേട്ടത് അപ്പോൾ അവർ ഇരുവരും ആ കേട്ട ഭാഗത്തേക്ക് ഓടിച്ചെന്നു അപ്പോഴാണ് അവർ കണ്ടത് ഒരു പാവം മുയൽ കുട്ടനെ രണ്ടാളുകൾ ചേർന്ന് പിടിച്ചു വച്ചത് പാവം മുയൽ കുട്ടൻ കരയുകയാണ് അവർ ഇരുവരും ഒന്നുമാലോചിക്കാതെ മുന്നിലേക്ക കുതിച്ച് ആ രണ്ടു മനുഷ്യരെയും പേടിപ്പിച്ചു കാട്ടു കടത്തി പിന്നീട് അവർ ചെന്ന് മുയൽ കുട്ടനെ ആ കെണിയിൽനിന്ന് രക്ഷിച്ചു മുയൽ കുട്ടൻ അവരോട് നന്ദി പറഞ്ഞു സന്തോഷത്തോടെ തുള്ളിച്ചാടി പോയി അവർ ഇരുവരും അവിടുന്ന് സന്തോഷത്തോടെ നടന്നുപോയി പാവങ്ങളായ ഇവർ ഇതുപോലെ പലരെയും രക്ഷിച്ചിട്ടുണ്ട്

(സാന്ദ്ര.കെ 5 C)

# ആ പ്രളയകാലത്ത്

മീനുവിന്റെ പത്താംപിറന്നാൾ ആയിരുന്ന അന്ന് രണ്ടുദിവസമായി മഴ തുടങ്ങിയിട്ട് പിറന്നാളിന് വന്ന അപ്പൂപ്പനും അമ്മൂമ്മയും തിരിച്ചു പോയിട്ടില്ല ബസുകൾ ഒന്നുമില്ലായിരുന്നു റോഡുകളിൽ മുഴുവൻ വെള്ളം കയറിയിരിക്കുകയാണ് പമ്പാനദി യുടെ തീരത്തായിരുന്നു മീനുവിനെ വീട് വീടിൻറെ മുറ്റത്ത് വെള്ളം കയറിത്തുടങ്ങി മീനുവിനെ ചെടികൾ മുഴുവനും വെള്ളത്തിനടിയിലായി അവൾക്ക് സങ്കടം സഹിക്കാനായില്ല ദിവസവും സ്കൂൾ വിട്ട് വന്നവൾ ചെടികൾക്ക് നൽകുമായിരുന്നു അമ്മയെ റോസാച്ചെടി എന്തായി തീരും അവൾ അമ്മയോട് സങ്കടം പറഞ്ഞു ഇല്ല മോളെ വെള്ളം ഇറങ്ങിയാൽ റോസാച്ചെടികൾ ഇനിയും പൂവിടും വീടിൻറെ പുറകുവശത്തായി അവളുടെ കുഞ്ഞാടിനെയും തള്ള് ആടിനെയും കെട്ടിയിരുന്നു അവയുടെ കൂട്ടിലും വെള്ളംകയറി അച്ഛൻ ആടുകളെ വീട്ടിനുള്ളിലേക്ക് കയറ്റിനിർത്തി അപ്പൂപ്പാ ഇനി എന്താ ചെയ്യുക മഴ ഇനിയും തോർന്നിട്ടില്ല meenu അപ്പൂപ്പനോട് ചോദിച്ചു ഇല്ല കുഞ്ഞേ നീ പേടിക്കാതെ നാളെ നേരം വെളുക്കുമ്പോഴേക്കും വെള്ളമിറങ്ങി തുടങ്ങും ഇപ്പോൾ 1 മഴ കുറഞ്ഞിട്ടുണ്ട് മുത്തശ്ശിയും മീനുവിനെ സമാധാനിപ്പിച്ചു പക്ഷെ രാത്രി മുഴുവൻ തോരാതെ മഴപെയ്തു മഴയിൽ വീടിനുള്ളിലേക്ക് വെള്ളം കയറിത്തുടങ്ങി അവർക്ക് ടെറസിന് മുകളിലേക്ക് കയറേണ്ടിവന്നു അവിടെ ഷീറ്റ് മറച്ച അമ്മയും അച്ഛനും മീനുവും മുത്തശ്ശിയും മുത്തശ്ശനും ആടുകളും കഴിഞ്ഞു അടുത്തവീട്ടിലെ ആളുകളെല്ലാം ക്യാമ്പിലാണ് ആടുകളെ എന്തുചെയ്യും അവരെ ഇവിടെ വിട്ട് താൻ വരില്ലെന്ന് meenu കരഞ്ഞു പറഞ്ഞു മോളെ നമുക്ക് ആടുകളെയും കൊണ്ടുപോകാം എന്ന് പറഞ്ഞു അച്ഛൻ അവളെ സമാധാനിപ്പിച്ചു ശരി അച്ഛാ അവരെല്ലാവരും ക്യാമ്പുകളിലേക്ക് പോയി

# പൂമ്പാറ്റ

പൂമ്പാറ്റപൂമ്പാറ്റപുള്ളി പൂമ്പാറ്റ

പൂവിൽ നിന്നും തേൻ നുകരും മിന്നും പൂമ്പാറ്റ



പൂന്തോട്ടത്തിൽ പാറി നടക്കും

ചിഞ്ചു പൂമ്പാറ്റ

മഴവില്ലിൻ നിറമേഴും പൊന്നു

പൂമ്പാറ്റ

ആകാശത്തിലെ ദേവതയായി

ഭൂമിയിൽ വിരുന്നെത്തിയവർ

എത്ര സുന്ദരം എന്തു മനോഹരം

ഈ മാലാഖമാർക്ക്

(വരുണൻ .കെ.പി 5A)

# വൃദ്ധ സദനം

മുത്തശ്ശി ജനാല വഴിയിലൂടെ എത്തി നോക്കി ."അവനെ കാണുന്നില്ലല്ലേ" . അപ്പോഴാണ് അപ്പുറത്തെവീട്ടിലെ പാർവ്വതി വന്നത് . മുത്തശ്ശിയോട് പറഞ്ഞു:"എന്തേയ് ശാരതടെ കണ്ണ് നിറയാറായിട്ടുണ്ടല്ലോ...." മുത്തശ്ശിയുടെ മറുപടി : ഒന്നും പറയണ്ട എന്റെ മകൻചന്ദ്രൻ ഇന്ന് അമേരിക്കയിൽ നിന്ന് വര്വാ.അതും കാത്ത് നിൽക്കാ ഇയ്ക്ക് ഇന്റെ കൊച്ചുമക്കളെകാണാൻ കൊതിയാവുണ്വ ." അങ്ങനെ അവർ രണ്ടു പേരും അവരേയും കാത്ത് കുറേ നേരം നിന്നു . അവസാനം അവൻ വലിയ ഒരു കാറിൽ വരുന്നത്കണ്ടു . അപ്പോൾ വേഗം മുത്തശ്ശി വിളക്ക് എടുത്തോണ്ട് വന്ന് മരുമകളുടെ കയ്യിൽ കൊടുത്തു എന്നിട്ട് പറഞ്ഞു: "വായോ എന്റെ മക്കള് കേറി വായോ. അങ്ങനെ മുത്തശ്ശി കൊച്ചു മക്കളെ കൊണ്ടു പോയി ധാരാളം കഥയും , പാട്ടും ഒക്കെ പറഞ്ഞു കൊടുത്തു . പിന്നീട് മുറ്റത്തെ മാവിൻമേൽ ഊഞ്ഞാലാടി കളിച്ചു രസിച്ചു .

കുറച്ചു മാസങ്ങൾക്കു ശേഷം മുത്തശ്ശിക്ക് വച്ചാതായി .വല്ലാതെ കിടപ്പിലായി . മരുമകൾക്ക് നോക്കി നോക്കി മടുത്തു . അവൾ ചന്ദ്രനോട് പറഞ്ഞു :നോക്കു ........എനിക്കൊന്നും വയ്യ ഈ തള്ളയെ നോക്കാൻ വല്ല വൃദ്ധ സദനത്തിലും കൊണ്ടു പോയിക്കിക്കോളൂ....ചന്ദ്രന്റെ മറുപടി : "ശരി നിനക്ക് നോക്കാൻ വയ്യങ്കിൽ വേണ്ട... നമുക്ക് എന്തായാലും പുതിയ ഒരു കാറ് സെലക്ട് ചെയ്യാൻ പോകണം ആ്ക്കൂട്ടത്തിൽ അമ്മയെ കൂടെ വൃദ്ധ സദനത്തിൽ കൊണ്ടു പോയി ആക്കാം " അങ്ങനെ വൈകുന്നേരം മക്കളെയും ഭാര്യയെയും കൂട്ടി മുത്തശ്ശിയെ വൃദ്ധ സദനത്തിൽ കൊണ്ടു പോയി . മുത്തശ്ശിക്ക് വളരെ സങ്കടമായി . മുത്തശ്ശി മകനോട് പറഞ്ഞു : "മോനെ എനിക്ക് ഒരേ ഒരു ആഗ്രഹമുണ്ട് സാധിച്ചുതര്യോ "

മകന്റെ മറുപടി : " പിന്നെന്താ......? അമ്മ തീർച്ചയായും പറഞ്ഞോളൂ ". അപ്പോൾ ഭാര്യ കോപിച്ച മുഖത്തോടെ അവന്റെ മുഖത്തേക്ക് നോക്കി ,വേണ്ട എന്ന് പറയും

പോലെ .മുത്തശ്ശി പറഞ്ഞു : " നീ എന്റെ കൊച്ചു മക്കളെ നന്നായി നോക്കണം മുകളിലെ മുറിയിൽ ഞാൻ അവർക്ക് കളിപ്പാട്ടം കരുതി വച്ചിട്ടുണ്ട് അത് അവർക്ക് എടുത്തു കൊടുക്കണം "എന്നും പറഞ്ഞ് മുത്തശ്ശി ഒരു ചുംബനം നൽകി സിസ്റ്ററുടെ കൂടെ ഉള്ളിലേക്ക് പോയി.

അപ്പോൾ കൊച്ചു മകൻ ചന്ദ്രനോട് ചോദിച്ചു : "അച്ഛാ... ഈ വൃദ്ധ സദനത്തിന്റെ പേരെന്താണ്? ചന്ദ്രൻ : "സെന്ററൽ യൂണിവേഴ്സിറ്റി ഓൾഡേർസ് ബിൽഡിംഗ് . എന്തേയ് എന്തിനാ നിനക്കീ പേര് ?

കൊച്ചുമകന്റെ മറുപടി : "അതോ അച്ഛനും അമ്മയും മുത്തശ്ശിയെ പ്പോലെ അസുഖം പിടിച്ചാൽ ഇവിടെ കൊണ്ടുവന്നാക്കാനാ... ഇതുകേട്ട ചന്ദ്രനും മരുമകളും ഒന്നും മിണ്ടാൻ കഴിയാതെ മരം പോലെ നിന്നു .

അത് കേട്ട നിമിഷം തന്നെ മുത്തശ്ശിയെ തിരിച്ചു കൊണ്ടു വന്നു . കൊച്ചു മക്കളുടെ സന്തോഷം പറഞ്ഞ
റിയിക്കാൻ കഴിയാതെയായി .


ഫാത്തിമ ഹിബ .T

7 . A

# പൊട്ടിപ്പോയ തന്ത്രി

വിരൽത്തുമ്പുകൊണ്ട് സംഗീതലോകത്തിൽ മായാജാലങ്ങൾ സൃഷ്ടിച്ച വയലിൻ മാന്ത്രികൻ . ബാലഭാസ്കർ 1978 ജൂലൈ10 ന് തിരുവനന്തപുര ത്താണ് അദ്ദേഹം ജനിച്ചത്. സ്കൂൾ കലോത്സവവേദികളിൽ നിന്നാണ് ബാലഭാസ്കർ സംഗീതത്തിന്റെ ഉയരങ്ങളിലേക്കുള്ള യാത്രയാരംഭിച്ചത്.

മംഗല്യ പല്ലക്ക് എന്ന ചിത്രത്തിന് സംഗീതസംവിധാനം നിർവ്വഹിച്ചുകൊണ്ട് സംഗീതസംവിധായകനായി ഇദ്ദേഹം അരങ്ങേറ്റം കുറിച്ചു.സംഗീതജ്ഞൻ ,വയലിനിസ്റ്റ്, സംഗീത സംവിധായകൻ എന്നീ നിലകളിൽ അദ്ദേഹം പടർന്നു കയറി.മലയാളി ആസ്വാദകർ ഫ്യൂഷൻ സംഗീതത്തെ പരിചയപ്പെടുത്തി. 2008 ൽ ബിസ്മില്ലാ ഖാൻ യുവസംഗീതപുരസ്കാരം ലഭിച്ചു. മലയാളികൾക്ക് ഏറെ ഇമ്പമാർന്ന സംഗീത സന്ധ്യകളിൽ



ബാലബാസ്കറിന്റെ വിരലുകളുടെ സ്ഥാനംവളരെ വലുതായിരുന്നു. മലയാളത്തിലെ ഏറ്റവും പ്രായം കുറഞ്ഞ സംഗീതസംവിധായകനാണദ്ദേഹം. ലോകത്തെ പലഭാഗങ്ങളിലും കിഴക്ക് മുതൽ പടിഞ്ഞാററ് വരെയുള്ള സംഗീതപരിപാടികൾ അദ്ദേഹം അവതരിപ്പിച്ചു Confusion എന്ന പേരിൽ ഒരു ബാൻഡും അദ്ദേഹം രൂപീകരിച്ചു.

ആ സംഗീതപ്രതിഭ നമ്മെ വിട്ടുപോയെങ്കിലും അദ്ദേഹം സൃഷ്ടിച്ച നാദ വിസ്മയം മലയാളികളുടെ മനസ്സിൽ മായാതെ നില്കും.ആ പ്രതിഭയുടെ ഓർമ്മയ്ക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

(ആതിര.പി .10 B)

# മനുഷ്യനൊരു കത്ത്

എന്റെ പ്രിയപ്പെട്ട മനുഷ്യർക്ക് ,

ഞാൻ നിങ്ങളുടെ സ്വന്തം പ്രകൃതി .നിങ്ങൾക്കാർക്കും എന്നോട് ദേഷ്യം ഉണ്ടാവരുത് . എല്ലാവരും എന്നോട് ക്ഷമിക്കണം കാരണം ഞാൻ നിങ്ങളെ ഒരുപാട് കഷ്ടപ്പെടുത്തി . നിങ്ങളുടെ സ്വത്ത് , വേണ്ടപ്പെട്ടവർ , വീട്, സ്ഥാപനങ്ങൾ എന്നിവയെല്ലാം ഞാനെടുത്തു. നിങ്ങളുടെ വിഷമം എനിക്കറിയാം . എനിക്കു സങ്കടമുണ്ട് പക്ഷെ നിങ്ങൾ മനുഷ്യർ ഒരു കാര്യമോർക്കണം എന്താണെന്നോ ? ഞാൻ പുഴയായി ഒഴുകി നിങ്ങൾക്ക് ജീവനം നല്കി.കുന്നായി നിന്ന് നിങ്ങളെ കാത്തു.ഇന്ന് ഞാൻ ഒഴുകിയിരുന്ന വഴികളൊക്കെ നിങ്ങൾ കൈയ്യടക്കി.ഞാൻ കെട്ടിയ കോട്ടകളൊക്കെ നിങ്ങൾ തകർത്തു.എനിക്ക് വേറെ നിവൃത്തിയില്ലായിരുന്നു. പ്രകൃതിയായി ഞാൻ ഉണ്ടെങ്കിലെ നിങ്ങൾ ഉള്ളൂ . ഞാൻ നിങ്ങളുടെ അമ്മയാണ് , അച്ഛനാണ് , ജേഷ്ഠനാണ്, അനിയനാണ്. പക്ഷെ നിങ്ങൾ എന്നെ ഇങ്ങനെ ഒന്നും കണക്കാക്കുന്നില്ല . നിങ്ങൾക്ക് വേണ്ടതൊക്കെ ഞാൻ നല്കി.നിങ്ങൾ അതിൽ തൃപ്തരായില്ല. ഞാൻ നിങ്ങളെ ഉപദ്രവിക്കണമെന്ന വിചാരിച്ചല്ല . എനിക്ക് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു നിങ്ങളുടെ പ്രവൃത്തികൾ. ഇനിയെങ്കിലും നിങ്ങൾ ഇത്തരം ചെയ്തികളിൽ ഏർപ്പെടരുതേ...... എന്റെ ഈ അപേക്ഷ എങ്കിലും നിങ്ങൾ ചെവിക്കൊള്ളണം . എനിക്കറിയാം നിങ്ങൾക്കാവുമെന്ന് .ഞാൻ നിർത്തുന്നു

സ്നേഹപൂർവ്വം

നിങ്ങളുടെ സ്വന്തം പ്രകൃതി.

( മുഹമ്മദ് അഫീസ് 9C )

# നമ്മുടെ ജീവനെടുക്കുന്ന പ്ലാസ്റ്റിക്ക്

മനുഷ്യരാശിയെ വിറപ്പിച്ച ഉത്തരമില്ലാത്ത പല ചോദ്യങ്ങളുടെ ഇടയിൽ കെട്ടുപിണഞ്ഞുകിടക്കുന്ന ഒരു ജനതയെയാണ് ഈ 21 -ാം നൂറ്റാണ്ടിലും ലോകം കണ്ടുകൊണ്ടിരിക്കുന്നത് . സാമൂഹിക പ്രശ്നങ്ങളും വിപത്തുക്കളും ഏറിവരുന്ന ഈ കാലഘട്ടിൽ ഒരു പക്ഷെ ഏറ്റവുമധികം നമ്മെ ബാധിക്കുന്ന ഒരു വില്ലനാണ് പ്ലാസ്റ്റിക്ക് . പ്ലാസ്റ്റിക്ക് വിമുക്ത കേരള മെന്നും പ്ലാസ്റ്റിക്ക് ബഹിഷ്കരണമെന്നും പറഞ്ഞു നടക്കുന്ന ഞാനൾപ്പെടെയുള്ളവർക്കു പോലും ഞാൻ പ്ലാസ്റ്റിക്ക് ഉപയോഗിക്കുന്നില്ല എന്ന അവകാശപ്പെടാൻ സാധിക്കില്ല .
എന്തിന് ! ഉറങ്ങി എണീറ്റ് പല്ലുതേക്കാൻ ഉപയോഗിക്കുന്ന ബ്രഷ് മുതൽ ജീവശ്വാസം നിലനിർത്താൻ വേണ്ടി മലയാളികളായ നമ്മൾ ആഹാരമാക്കുന്ന അരി വരെ പ്ലാസ്റ്റിക്ക് നിർമിതമാണ് . എന്തു കൊണ്ടാണ് അല്ലെങ്കിൽ എന്നുമുതലാണ് പ്ലാസ്റ്റിക്ക് നമ്മുടെ നിത്യ ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത ഒന്നായി മാറിയത് . ദൈവത്തിന്റെ സ്വന്തം നാടാണ് കേരളം എന്ന് സ്വയം അഹങ്കരിക്കുന്നവരാണല്ലൊ നാം . ഭൂപ്രകൃതി , പ്രകൃതി ഭംഗി , ഭാഷ , മണ്ണ് ,സംസ്കാരം തുടങ്ങി കേരളത്തെകുറിച്ച് പറയാൻ നൂറ് നാവാണ് നമുക്ക് .എന്നാൽ ഒരിക്കല്ലെങ്കിലും നമ്മുടെ മണ്ണിനെ പറ്റി ആലോചിച്ചിട്ടുണ്ടെങ്കിൽ ഈ അഹങ്കാരമെല്ലാം പാടെ അതിപ്പതിച്ചിട്ടു ണ്ടായിരിക്കും . വർഷങ്ങളോളം മണ്ണിൽ കിടന്നാലും മണ്ണോടലിയാൻ കഴിയാത്ത ഒന്നാണ് പ്ലാസ്റ്റിക്ക് .എന്നാലെ ഇപ്പോൾ നിങ്ങൾ കാലുവച്ച തറയ്ക്ക് താഴെയുള്ള മണ്ണൊന്ന് കിളച്ചുനോക്കിയാൽ ഉറപ്പായും ഒരു പ്ലാസ്റ്റിക്ക് കവറെങ്കിലും ലഭിക്കാതിരിക്കില്ല . പ്ലാസ്റ്റിക്ക് നമ്മുടെ ജീവിതത്തിൽ ഒഴിച്ചു കൂടാനാവാത്ത ഒന്നായി മാറിയിരിക്കുന്നു . പക്ഷെ അതിന്റെ ദോഷഫലങ്ങളെ കുറിച്ച് നാം ചിന്തിക്കുന്നില്ല . കാരണം നമ്മുടെ ഇന്നത്തെ ജീവിത ശൈലി തന്നെയാണ് .

പ്ലാസ്റ്റിക്കിനെതിരെ ഗവൺമെന്റ് പല സാധനങ്ങളും കൊണ്ടു വന്നു . തുണി സഞ്ചികളുടെ ഉപയോഗം തുടങ്ങി . വീടുകളിൽ ഉപയോഗിച്ച പ്ലാസ്റ്റിക്കുകൾ നിർമ്മാജ്ജന പ്രവർത്തനങ്ങൾ തുടരുകയാണ് . എന്നാൽ ജനങ്ങൾ പ്ലാസ്റ്റിക്ക് മണ്ണിൽ വലിച്ചെറിയുകയാണ് . നാം മാത്രമല്ല , നമ്മളിലൂടെ പലരും

ഈ ഒരു പ്രശ്നം അനുഭവിച്ചുകൊണ്ടിരിക്കുന്നു . ഗവൺമെന്റ് നടപ്പിലാക്കിയ മറ്റൊരു പദ്ധതിയാണ് സുസ്ഥിര വികസനം . സുസ്ഥിര വികസനം എന്നാൽവരും തലമുറയ്ക്ക് അവരുടെ ആവശ്യങ്ങൾ നിറവേറ്റാൻവേണ്ടി ഇന്നത്തെ തലമുറ ഒരുക്കി കൊടുക്കുന്ന സംവിധാനമാണ് .

പ്ലാസ്റ്റിക്ക് എന്നതിൽ ഒളിച്ചുകിടക്കുന്ന ഭീമാകാരമായ വസ്തു നമ്മുടെ നാടിന്റെ നിലനിൽപ്പുതന്നെ നശിപ്പിച്ചിരിക്കുകയാണ് .ഈ ഒരവസ്ഥയിൽ നിന്ന് നാം എന്നെല്ല ഓരോ ജീവിയും എങ്ങനെ ജീവിക്കും. ഇതിന് പരിഹാരമായി പ്ലാസ്റ്റിക്ക് പുനർനിർമ്മിച്ച് ഉപയോഗിക്കുക . പ്ലാസ്റ്റിക്കിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കാം എന്നാണറിയുന്നത്.റോഡ് നിർമിക്കാനുള്ള ടാറിൽ പ്ലാസ്റ്റിക്ക് പ്രധാന വസ്തുവായി ഉപയോഗിച്ചാൽ ഒരളവു വരെ പ്ലാസ്റ്റിക് സൃഷ്ടിക്കുന്ന പ്രശ്നത്തിൽ നിന്ന് രക്ഷനേടാം. “നമുക്കൊരുമിക്കാം പ്ലാസ്റ്റിക് ഇല്ലാത്ത നല്ല നാളേയ്ക്കായി "

(ഫാത്തിമത്ത് ഹസ്ന)
9 . B

# വിശപ്പിന് ശിക്ഷ "വധശിക്ഷ"യോ?

അട്ടപ്പാടിയിലെ പുരാതന ആദിവാസി ഗോത്രസമൂഹമായ കുറുമ്പ വിഭാഗത്തിൽ ജനിച്ച മധു യഥാർഥത്തിൽ ആരുടെയും മനസ്സുപൊള്ളിക്കുന്ന ദുരന്തകഥയിലെ നായകൻ തന്നെയാണ് ഗോത്രവർഗ്ഗ ഊരായ കടുകുമണ്ണയിലെ മല്ലന്റെയും മല്ലികയുടെയും മൂന്ന് മക്കളിൽ ഒരുവൻ . ഒരു നേരത്തെ അന്നത്തിനുവേണ്ടി മോഷ്ടിക്കേണ്ടിവന്ന അവന് പരിഷ്കൃത കേരളം വിധിച്ചത് വധശിക്ഷ .കേരള മനസ്സാക്ഷിയെ വിറങ്ങലിപ്പിച്ച ഒരു സംഭവ മായിരുന്നു ഇത്. കോടിക്കണക്കിന് രൂപയാണ് നാം അട്ടപ്പാടി ഗോത്രജനതയ്ക്ക് വേണ്ടി മാത്രം ചെലവഴിച്ചത് . എന്നിട്ടും മധുവിനെ ആവശ്യമായ സൗകര്യം നൽകാനായില്ല . നൽകിയത് വധശിക്ഷയും ആരോപിക്കപ്പെട്ട കുറ്റം മോഷണവും , അതിനുള്ള പ്രേരണ വിശപ്പും .



മരണത്തിന് ശേഷം ഒരു ജീവിതമുണ്ടെന്നും അവിടെ ആരോടും അനീതി കാണിക്കാത്ത ഒരു നീതി പീഠമുണ്ടെന്നും സങ്കൽപ്പിക്കപ്പെടുന്നു . അവിടെ വെച്ച് തെറ്റ് ചെയ്തവർക്ക് തക്കതായ ശിക്ഷ ലഭിക്കുമെന്ന് നമുക്ക് വിശ്വസിക്കാം എങ്കിലും ഒരു മനുഷ്യനായി ജനിച്ചതിൽ നാം തലകുനിക്കേണ്ടി വന്ന ഒരു നിമിഷമായിരുന്നു അത് മധുവിനോട് നമുക്കിനി പറയാൻ ഒന്നുമാത്രം ഉള്ളൂ ...

" മാപ്പ് സഹോദരാ........... മാപ്പ് ....."

( അഞ്ജലി കൃഷ്ണ സി.ആർ

10-B)

# തട്ടകത്തെ പൂരം.....

വള്ളുവനാടിന്റെ അവകാശപ്പെടാവുന്ന പാരമ്പര്യവും, അനുഷ്ഠാനങ്ങളും കാത്തുസൂക്ഷിക്കുന്ന ക്ഷേത്ര ഉത്സവങ്ങളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതും സവിശേഷതകൾ ഏറെയുള്ളതുമാണ് മണ്ണാർക്കാട് പൂരം . കാലത്തിന്റെ കൊട്ടും ചൂടിനിടയിലും തനിമയും പഴമയും കോർത്തിണക്കി നന്മയക്കായി നാടിന്റെ ഐശ്വര്യത്തിനായും തെളിനീർ ധാരയായി ഒരാഴ്ചക്കാലം മണ്ണാർക്കാട് പൂരം തട്ടകക്കാരുടെ മനസുകളിൽ ആഴ്ന്നിറങ്ങുന്നു . ഇവിടെ വിഭാഗീയതകളില്ല , സാഹോദര്യത്തിന്റേയും ഐക്യത്തിന്റെയും ആഹ്ലാദാരവങ്ങൾ മാത്രം .

അട്ടപ്പാടി മലനിരകളിൽ പല ഊരുകളിൽ ചിതറികിടക്കുന്ന ആദിവാസി വിഭാഗത്തിന് മാർഗഴി മാസം മണ്ണാർക്കാട് പൂരത്തിന്റെ തുടക്കമായിരുന്നു . കാഠിനാധ്വാനവും നിത്യ ദാരിദ്ര്യവുമായി വനാന്തരങ്ങളിൽ തേനും തിനയും മറ്റ് വിഭവങ്ങളും തേടി ദിവസങ്ങൾ തള്ളിനീക്കിയിരുന്നവർക്ക് ഉത്സാഹത്തിന്റേയും പ്രതീക്ഷയുടേയും നാളുകൾ സമ്മാനിച്ചിരുന്നത് മണ്ണാർക്കാട് പൂരമായിരുന്നു .

പാണ്ഡവരുടെ അജ്ഞാത വാസക്കാലത്ത് അവർക്ക് അനുചരനായി നിന്നിരുന്നത് ഉദയനൻ എന്ന വനവർഗക്കാരനായിരു ന്നു . അദ്ദേഹത്തിനു കുന്തിദേവി വാസയോഗ്യമായ ഒരു സ്ഥലം നൽകി അനുഗ്രഹിക്കുകയും ഉദയനൻ താമസിച്ചിരുന്ന പ്രദേശത്തിന് ഉദയർകുന്ന് എന്ന പേരുവരുകയും ചെയ്തു എന്ന് പറയപ്പെടുന്നു.



മണ്ണാർക്കാട് നായർ സ്വരൂപത്തിലെ കുന്നത്ത് മാടപറമ്പിൽ ഭക്തശിരോമണി ദർശന സൗഭാഗ്യം തേടി നിത്യവും അങ്ങാടിപ്പുറത്ത് പോകുവാൻ സാധിക്കാതെ വന്നപ്പോൾ

തിരുമാന്ധാം കുന്നിലമ്മയുടെ ചൈതന്യത്തെ കുന്തിപ്പുഴയുടെ അരികിൽ ശാന്തസ്വരൂപിണിയായി ഉദയർകുന്നിൽ പ്രതിഷ്ഠിക്കുകയും മണ്ണാർക്കാടിന്റെ തട്ടകഭഗവതിയായി കാവിലമ്മ അറിയപ്പെടുകയും ചെയ്തു .

ദേവിയുടെ ആറാട്ട് ഉത്സവമാണ് മണ്ണാർക്കാട് പൂരമായി അറിയപ്പെടുന്നത് .കുംഭമാസത്തിലെ മകയീരം നാളിൽ അർധരാത്രി യാണ് പൂരം പുറപ്പാട് . എട്ട ദിവസം 14 ആറാട്ടും മൂന്നാം ദിവസം കൊടിയേറ്റവും എട്ടാം ദിവസം നടക്കുന്ന ചെട്ടിവേലയും 21 പ്രദക്ഷി ണവും പൂരത്തിന്റെ പ്രധാന ചടങ്ങുകളാണ് .മണ്ണാർക്കാട് പൂരത്തോ ടനുബന്ധിച്ച് വാദ്യകലയോടും വാദ്യകലാകാരന്മാരോടും മണ്ണാർ- ക്കാട് പൂരാഘോഷ കമ്മിറ്റി കാണിക്കുന്ന പ്രോത്സാഹനമാണ് വാദ്യപ്രവീണ പുരസ്കാരം . യശഃശരീരനായ വാദ്യകലയുടെ കുലപതി ആലിപ്പറമ്പ് ശിവരാമപ്പൊതുവാളുടെ പേരിലാണ് ഈ പുരസ്കാരം നൽകി വരുന്നത് . പൂരനാളുകളിലെ ചതുർശത നിവേദ്യം ഭഗവതിയുടെ ഇഷ്ടവഴിപാടാണ് . മികച്ച കലാകാരന്മാർ അണിനിരക്കുന്ന നാദസ്വര വും , തായമ്പകയും




പഞ്ചവാദ്യവുമെല്ലാം ജനമനസ്സുകളെ പൂര ലഹരിയിലേക്ക് ആഴ്ത്തിറക്കുന്നു .

മണ്ണാർക്കാട് പൂരത്തിന് അട്ടപ്പാടി ആദിവാസിപൊലിമ ഒന്നു വേറെ തന്നെയാണ് . ആദിവാസികൾ ചുരം താണ്ടി മണ്ണാർക്കാട് മൂപ്പിൽ നായരെ സന്ദർശിക്കുവാൻ വരുമ്പോൾ ചെറു കിട കൃഷിവിളകളായ ചോളം , തെന, റാഗി , തുവര ,ഉഴുന്ന് എന്നിവ കാണിക്കയായി നൽകുമായിരുന്നു . അവ ഭഗവതിയുടെ തിരുമുമ്പിലും സമർപ്പിക്കുമായിരുന്നു . പുരോഗമനവാദികളായ നായർത്തറ വാട്ടുകാർ ആദിവാസികൾക്കായി ആറാട്ടുക്കടവിൽ കഞ്ഞിവെച്ച് വിളമ്പുമായി രുന്നു . വർഷങ്ങൾ പിന്നിട്ടിട്ടും ഇപ്പോഴും വലിയാറാട്ട് ദിവസം കുന്തിപ്പുഴത്തീരത്ത് കഞ്ഞിപ്പാർച്ച നടത്തി വരുന്നു . മണ്ണാർക്കാട്

പൂരത്തിന്റെ അവസാന നാളായ ചെട്ടിവേല ദിവസം സ്ഥാനീയ ചെട്ടിയന്മാരെ ആദരിച്ച് ആനയിക്കുന്നു . കന്നടയും , തമിഴും സംസാരിക്കുന്ന ഇക്കൂട്ടരെ അന്നേ ദിവസം നഗരപ്രദക്ഷണം നടത്തി ആറാട്ട് എഴുന്നള്ളിപ്പിൽ പങ്കെടുപ്പിച്ച് 21 പ്രദക്ഷിണം നടത്തുന്നതും മണ്ണാർക്കാട് പൂരത്തിന്റെ മാത്രം പ്രത്യേകതയാണ് . മണ്ണാർക്കാട് നഗരത്തെ പുളകമണിയിക്കുന്നതും , കണ്ണിനും കാതിനും കുളിരേകുന്നതുമായ ദേശവേലകൾ മണ്ണാർക്കാട് പൂരത്തിന്റെ മറ്റൊരു സവിശേഷതയാണ് . പ്രദേശത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ദേശവേലകൾ നഗരം ചുറ്റി ഭഗവതിയുടെ തിരുമുമ്പിലെത്തുന്നതോടു കൂടി മണ്ണാർക്കാടിന്റെ ഉത്സവത്തിനു കൊടിയിറങ്ങുന്നു . കാലത്തിന്റെ കുത്തൊഴുക്കിനിടയിലും കാലം മാറ്റാത്ത ആചാരങ്ങളും , അനുഷ്ഠാനങ്ങളും കാലം തെറ്റാതെ തുടരുന്നു .ജാതി മത വേർത്തിരിവില്ലാത്ത ഈ പ്രദേശത്തുക്കാരുടെ ഒരുമയിലൂടെ

ആര്യ .എ 10 . A

# ഒരു മൈസൂർ യാത്ര

യാത്ര എന്നും വ്യത്യസ്ഥതകൾ നിറഞ്ഞതാണ്.പ്രത്യേകിച്ചും ശിഷ്യൻമാരൊത്തുള്ള യാത്ര കൂടുതൽ ആസ്വാദ്യകരമാണ്.ഡി.ജെ.യു ടെ അകമ്പടിയോടെ യാത്ര തിരിച്ചു. നല്ല അച്ചടക്കമുള്ള ഫ്രീക്കൻ പിള്ളേർ നമുക്ക് പൊളി അനുഭവങ്ങൾ നൽകി.ഉൾക്കാടിന്റെ വിജനതയും ഭംഗിയും ആസ്വാദ്യകരം തന്നെ. കുട്ടിയാനയോടൊത്തുള്ള ആന തറവാട് കാനനഭംഗി മാറ്റ് കൂട്ടാൻ ഉതകുന്നതായിരുന്നു: ഏകദേശം 10 മണിയോടെ മൈസൂരിന്റെ മടിത്തട്ടിലെത്തി. രാത്രി ഭക്ഷണവും ഉറക്കവും നന്നായിരുന്നു. കട്ടൻ കാപ്പിയുടെ ചെറുചൂട് ചുണ്ടിൽ ഏറ്റുകൊണ്ടാണ് ചാമുണ്ടി ഹില്ലിലേക്ക് രാവിലെ നീങ്ങിയത്. guide ന്റെ വിവരണം കർണ്ണങ്ങൾക്ക് ഇമ്പമേകിയതോടൊപ്പം യാത്രയെ കുറിച്ചുള്ള ഒരു ഉൾക്കാഴ്ച ഉണ്ടാക്കാൻ സഹായിച്ചു.മഹിഷാസുരനെ കണ്ടപ്പോൾ ഞങ്ങളെ പ്രതീക്ഷിച്ചു നിൽക്കുന്നതായി തോന്നി. കൂട്ടത്തിൽ ഉള്ളവർ രാവിലെ സെൽഫി എടുക്കുന്ന തിരക്കിലാണ്.



കോടമഞ്ഞിന്റെ ഭംഗി ഇത്ര നന്നായി ഇതിനു മുമ്പ് ആസ്വദിച്ചിട്ടില്ല. കൈ കെട്ടി നടക്കുന്ന കൂട്ടത്തെയാണ് ബസ്സുവരെ കാണാൽ കഴിഞ്ഞത്. ഒരു കൂട്ട ഫോട്ടോയോടെ സന്ദർശനം മതിയാക്കി തിരികെ പോന്നു. വീണ്ടും താമസസ്ഥലം - പ്രാതലിന് വേണ്ടി വന്നതാണ്. ഇഡ്ഢലിയിൽ നിന്ന് ഉയരുന്ന ആവിയുടെ ഗന്ധം മൂക്കിനെ ഉണർത്തി. ചിലർ ഇഡ്ഢലിയിലേക്ക് ആർത്തിയോടെ നോക്കുന്നത് കാണാമായിരുന്നു. കഴിക്കുന്നത് കാണുമ്പോൾ കഴിഞ്ഞ ജൻമത്തിൽ ചിലരുടെ ശത്രുവാണ് ഇഡലി എന്നാണ് തോന്നിയത് .ഇഡ്ഢലി കുന ചെറുതായത് അറിഞ്ഞതേയില്ല. വിവിധ തരം ശുനകൻമാരുടെ ശബ്ദമുഖരിതമായ അന്തരീക്ഷത്തിൽ ഭക്ഷണം കഴിച്ചു കഴിഞ്ഞു. വീണ്ടും പുറപ്പാട്,പ്രതീക്ഷയോടെ. ബസ്സിൽ കയറിയതും

തൊപ്പി വിതരണം നടന്നു. നേരെ ' Zoo വിലേക്ക്.ധാരാളം കാഴ്ച്ചകൾ കൊണ്ട് നിറച്ച ഒരു മാജിക്ക് ബോക്സ് തന്നെയാണ് അവിടെയുള്ളത്. അവിടെ നിന്ന് നേരെ പോയത് ചരിത്രമുറങ്ങിക്കിടക്കുന്ന മൈസൂർ രാജകൊട്ടാരത്തിലേക്കാണ്. നവീന യന്ത്ര ശില്പകലകളെ ലജ്ജിപ്പിക്കുന്ന ശില്പങ്ങളാലും കൊത്തുപണികളാലും വർണ്ണങ്ങളാലും വശ്യമായിരുന്നു എന്ന് പ്രത്യേകം പറയേണ്ടിയിരിക്കുന്നു. കൊട്ടാരം കണ്ടതിനു ശേഷം നേരെ പോയത് മൈസൂർ സിൽക്ക് ഫാക്ടറിയിലേക്കായിരുന്നു . ഒരു ലക്ഷം രൂപയുടെയും ഒന്നേകാൽ ലക്ഷം രൂപയുടെയുമൊക്കെ മൈസൂർ സിൽക്ക് സാരികളുടെ നിർമ്മാണ യൂണിറ്റ് കണ്ടു. നൂൽ മുതൽ സാരികളുടെ നിർമ്മാണം വരെയുള്ള ഘട്ടങ്ങളെല്ലാം അത്ഭുതത്തോടെ നോക്കിക്കണ്ടു. വളരെ നേർത്ത സിൽക്ക് നൂൽ കാണുന്നതിന് സൂക്ഷിച്ചുനോക്കേണ്ടി വന്നു. 'ചിലരെല്ലാം മോഹത്തോടെ സാരികളെ നോക്കി എങ്കിലും അവ തിരിച്ച് ഗോഷ്ഠി കാട്ടി.പുറത്തുള്ള കമ്പനിയുടെ ഔട്ട് ലറ്റ് ചിലരെ മാടി വിളിച്ചു. മുതിർന്നവർ ദീർഘനിശ്വാസവുമെടുത്ത് വാഹനത്തിൽ കയറി. മുഖം തീർത്തും മ്ലാനമായി കാണപ്പെട്ടു .നാളിതുവരെയുള്ള മൈസൂർ യാത്രയിലെ ഒരു പുതിയ പേജ്.ഏറെ നേരത്തെ കാത്തിരുപ്പിനു ശേഷം വിഭവ സമൃദ്ധമായ ഉച്ചഭക്ഷണത്തിൽ പായസം മുന്നിട്ട് നിന്നു. ടിപ്പു സുൽത്താന്റെ പടയോട്ടക്കാലത്തെ അനുസ്മരിപ്പിക്കുന്ന “ വാട്ടർ ജയിൽ “നമുക്ക് ഒരു നവ്യാനുഭവമായി. വാട്ടർ ജയിലിലേക്ക് പോകുന്ന വഴിയിൽ റോഡ് സൈഡിൽ തന്നെ ടിപ്പു മരിച്ചു കിടന്നിരുന്ന 'ഡത്ത് പോയിന്റ് ' വാഹനത്തിലിരുന്നു തന്നെ എല്ലാവരും കണ്ടു. വാട്ടർ ജയിൽ കണ്ടതിനു ശേഷം ടിപ്പുവിന്റെ സമ്മർ പാലസിലേക്കാണ് പോയത്. അവിടെ നിന്നും വൃന്ദാവനിലേക്കുള്ള യാത്രയിലുടനീളം ഇരുവശവും ധാരാളം കരിമ്പ് കൃഷിയിടങ്ങൾ ഞങ്ങൾ കാണുകയുണ്ടായി.നേരെതിരിച്ചത് മൈസൂരുവിനെ അവിസ്മരണീയമാക്കുന്ന നമ്മുടെ സ്വന്തം വൃന്ദാവൻ ഗാർഡനിലേക്ക്.ജനസമുദ്രത്തെ തുളച്ചു കൊണ്ട് നമ്മുടെ ചുണക്കുട്ടികൾ ഡാൻസിങ്ങ് ലൈറ്റിനടുത്തേക്ക്.വിവിധ വർണ്ണങ്ങളും പാട്ടും സമന്വയിപ്പിച്ചു കൊണ്ട് ഉള്ള പ്രകടനം കണ്ണിനും കാതിനും കുളിർമ്മയേകി. കെ.ടി.എം സിന്ദാബാദ് എന്ന് ഹർഷാരവം മുഴക്കിക്കൊണ്ട് കുട്ടികൾ പർച്ചേസിന് വേണ്ടി ചിതറിത്തെറിച്ചു. കൈ വീട്ടിലേക്കു വേണ്ടി വാങ്ങിയ സ്വപ്നങ്ങളും സ്നേഹസമ്മാനങ്ങളും കൊണ്ട് വീർപ്പുമുട്ടി.എല്ലാവരുംവീണ്ടും തിരികെ ഭക്ഷണശാലയിലേക്ക് DJ യുടെ അകമ്പടിയോടെ യോ യോ ഗയ്സ്.ഒരു യാത്രാവിവരണം എഴുതുവാനായി നൽകിയ പ്രവർത്തനം എല്ലാവരും മനസ്സാ നെഞ്ചിലേറ്റിയിട്ടുണ്ട്. ഭക്ഷണം കൊതിയൂറും ചിക്കൻ -

നെയ്യ്ചോറും.


ഇനി മടക്കയാത്രക്കായ് തയ്യാറാകണം. മനസ്സിൽ ചില ആകുലതകളും കണ്ണിന്റെ കോണിലെ നനവുകളും ബാക്കിയുണ്ടെങ്കിലും പോകാതെ വയ്യ, തിരികെ പോകാതെ വയ്യ. ബസ്സിലേക്ക് കാലുകൾ ഈ സ്വപ്ന ഭൂമിയിൽ നിന്ന് പറിച്ചെടുത്താണ് കയറിയത്. മൈസൂർ കണ്ണിൽ ഈറനണിക്കുന്നത് ജനൽ ചില്ലിലൂടെ ഗദ്ഗദത്തോടെ നോക്കിയിരുന്നു. വരാം എന്ന വാക്കു നൽകി കൊണ്ട് നീങ്ങുന്നു. അപ്പോഴും അങ്ങ് അകലെ ചന്ദ്രിക തന്നെ നോക്കി ചിരിക്കുന്നുണ്ടായിരുന്നു. രാത്രി 9.30 ന് തിരിച്ചു കുട്ടികളിൽ ചിലർ യാത്രയെ കുറിച്ച് അഭിപ്രായം പറയുകയുണ്ടായി. എല്ലാവർക്കും വേണ്ടി മാഷ് നന്ദി പറഞ്ഞു. വഴി നീളെ കോട മഞ്ഞ് മൂടിയത് കാരണം യാത്ര പതുക്കെയാക്കേണ്ടി വന്നു. ഒരു കാലത്ത് വീരപ്പന്റെ സ്വൈരവിഹാര കേന്ദ്രമായിരുന്ന സത്യവനത്തിലൂടെ...... രാത്രി ഏറെ വൈകിയാണ് DJ അവസാനിച്ചത്. ഇത് ഉറക്കത്തെ അകറ്റി നിർത്താൻ സഹായിച്ചു.പിന്നെ ഒരു സിനിമ കൂടി കണ്ടു. ഏതോ അന്ത്യയാമങ്ങളിൽ എല്ലാവരും നിദ്രയിലേക്കാണ്ടു വീണു.രാവിലെ സ്വപ്ന ലോകത്തിൽ നിന്നെഴുന്നേറ്റ പോലെ തോന്നി. മുമ്പിലായി രണ്ടു കൈയ്യും നീട്ടി മണ്ണാർക്കാട് ഞങ്ങളെ മാറോട് ചേർത്തു.മധുരമുള്ള ഒരു പിടി ഓർമ്മകളുമായ് എല്ലാവരും സ്വന്തം കൂട് തേടി തിരികെ പ്രതീക്ഷയോടെ...

(രഘുനാഥ് പാലോട്)

# എന്റെ മഴക്കാല അനുഭവം

മഴ അത് എന്നും കുട്ടികൾക്കും മുതിർന്നവർക്കും ഇഷ്ടമുള്ള ഒന്നാണ്.മഴ എന്ന് ആലോചിക്കുമ്പോൾ അമ്മയുടെ മുൻ കരുതലിന്റെ വാക്കുകളാണ് ഓർമ്മ വരുന്നത്."മഴ കൊള്ളല്ലേ ഉണ്ണിമോളെ പനിപിടിക്കും ".ഇതു കേൾക്കുമ്പോൾ ആദ്യമൊക്കെ ഉള്ളിൽ ഒരു പേടിയായിരുന്നെങ്കിലും മഴ കൊള്ളാൻ എനിക്കു വളരെ ഇഷ്ടമാണ്.മഴ കൊള്ളുമ്പോൾ എനിക്ക് എന്റെ സങ്കടങ്ങൾ തീർന്നു പോകുന്നതായി തോന്നാറുണ്ട്. ജനലിലൂടെ മഴ പെയ്യുന്നതു കാണുമ്പോൾ എനിക്ക് എന്തെന്നില്ലാത്ത ഒരു സന്തോഷമാണ് തോന്നാറുള്ളത്.എനിക്ക് മഴയും പെയ്യാൻ വിതുമ്പി നില്കുന്ന മേഘവും മഴ കഴിഞ്ഞാലുള്ള മഴ വില്ലും ഇഷ്ടമാണ്. ഏഴു നിറങ്ങളിൽ ശോഭിച്ചു നില്കുന്ന മഴ വില്ല് മഴയുടെ ബാക്കി പത്രമാണ്.മഴക്കാല അനുഭവങ്ങൾ എനിക്ക് കുറവാണ്. എന്നാലും ഞാൻ അനുഭവിച്ച മലക്കാലം മറക്കാനാവാത്തതാണ്.ജനലിലൂടെ മഴയെക്കാണുമ്പോൾ ഞാൻ കാണാൻ കൊതിച്ചവർ എന്റെ കൺമുന്നിലെത്തിയതായി തോന്നാറുണ്ട്.മഴ അതൊരു വികാരമാണ് എനിക്ക്. മഴയെനിക്ക് സന്തോഷങ്ങളും സങ്കടങ്ങളും മാറി മാറിത്തരുന്നു.

(അനഘ .പി 8 E )



# ശാസ്ത്രം 2018 ൽ

ആഗസ്റ്റ് 2018 ൽ ഏറ്റവും വേഗത കൂടിയമനുഷ്യ നിർമ്മിത ബഹിരാകാശപേടകമായ പാർക്കർ സോളാർ പ്രോബ് വിക്ഷേപിച്ചു.സൂര്യന്റെ ഏറ്റവും അടുത്തെത്തിയ ആദ്യ പേടകമാണിത്.കൊറോണയെക്കുറിച്ച് പഠിക്കാനാണിതു വിക്ഷേപിച്ചത്.

ചൊവ്വയുടെ ഉള്ളിൽ നടക്കുന്ന മാറ്റങ്ങളെക്കുറിച്ചു പഠിക്കാൻ നാസ INSIGHT (Interior Exploration using Seismic Investigation Geodesy and Heat Transport)എന്ന ബഹിരാകാശപേടകം വിക്ഷേപിച്ചു.

ഫ്രാൻസിലെ എയർബസ്സ് ഹെലിക്കോപ്റ്റേഴ്സ് വികസിപ്പിച്ചെടുത്ത ,മാർക്കറ്റിലെ ഏറ്റവും സുരക്ഷിതമായ ഹെലിക്കോപ്റ്ററായ Air bus H160 പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തിപ്പിച്ചു.

ലോകത്തിലെ ഏറ്റവും ചെറിയ കൃത്രിമ ഉപഗ്രഹം നാസ ജൂണിൽ വിക്ഷേപിച്ചു.തമിഴ്നാടു സ്വദേശിയായ റിഫത്ത് ഷരൂക്കാണ് നമ്മുടെ മുൻ രാഷ്ട്രപതിയും ശാസ്ത്രജ്ഞനുമായ എ.പി.ജെ അബ്ദുൾകലാമിന്റെ പേരിലുള്ള കലാം സാറ്റ് എന്ന ഭാരം കുറഞ്ഞ ഈ ഉപഗ്രഹം വികസിപ്പിച്ചെടുത്തത്.

സൈലന്റ് ഹാർട്ട് അറ്റാക്ക് കണ്ടെത്തുന്നതിനുള്ള സ്കിൻ പാച്ച് എന്ന ഉപകരണം തമിഴ് നാടുസ്വദേശിയും പത്താം ക്ലാസ്സ് വിദ്യാർത്ഥിയുമായ ആകാശ് മനോജ് വികസിപ്പിച്ചെടുത്തു.



ജൂലൈ 2018 ൽ ഇറ്റാലിയൻ സ്പേസ് ഏജൻസി ചൊവ്വയുടെ ഉള്ളിൽ ദ്രാവക രൂപത്തിലുള്ള ജലം ഉണ്ടെന്ന് ഗ്രൗണ്ട് പെനട്രേറ്റിംഗ് റഡാർ ഉപയോഗിച്ച കണ്ടെത്തി.

ജ്യോതിശാസ്ത്രജ്ഞർ പ്രപഞ്ചത്തിലെ ഏറ്റവും തിളക്കം കൂടിയ ഒരു വസ്തു കണ്ടെത്തിയതും ഇതേ മാസത്തിലാണ്. ഭൂമിയിൽ നിന്ന് പതിമ്മൂന്ന ബില്യൺ പ്രകാശവർഷമകലെയുള്ള ഈ വസ്തുവിന് PSOJ352.4034-15.3373(P352-15)എന്ന പേരു നല്കി.

ഫിസിക്സിലെ ഈ വർഷത്തെ നോബൽപ്രൈസ് മൂന്ന പേർ പങ്കിട്ടു.ആർതർ ആഷ്കിൻ,ജെറാർഡ് മുറെ, ഡോണാ സ്ട്രിക്ക് ലാൻഡ് എന്നിവരുടെ ലേസർ ഫിസിക്സുമായി ബന്ധപ്പെട്ട സംഭാവനകളെ മാനിച്ചാണിത്.

കെമിസ്ട്രിയിലെ നോബൽ സമ്മാനം ഫ്രാൻസിസ് എച്ച് അർനോൾഡ്, ജോർജ്ജ് .പി സ്മിത്ത് ,സർ ജോർജ്ജ് പി.വിന്റർ ,എന്നിവർക്കാണ ലഭിച്ചത്.

# യുവപ്രതിഭയ്ക്ക് ആദരം

പുതുതലമുറയ്ക്ക് അന്യമായിക്കൊണ്ടിരിക്കുന്ന ഗ്രാമത്തിന്റെനന്മയും വിശുദ്ധിയും സ്വന്തം എഴുത്തിൽ ആവാ ഹിച്ച യുവകഥാകാരനും മാധവിക്കുട്ടി പുരസ്കാര ജേതാവും കെ.ടി.എം സ്കൂളിലെ പൂർവ്വവിദ്യാർത്ഥിയുമായ പി.എം. വ്യാസനെ കെ.ടി.എം.സ്കൂൾ ആദരിച്ചു.സ്കൂൾ അസ്സംബ്ലിയിൽ വെച്ച് സീനിയർഅദ്ധ്യാപികയായ ജയശ്രീ ടീച്ചർ പൊന്നാട അണിയിച്ചു. വിജയൻ മാസ്റ്റർ യുവകഥാകാരനെ വിദ്യാർത്ഥികൾക്ക്പരിചയപ്പെടുത്തി.

വ്യാസന് സ്കൂളിലെമുഴുവൻ വിദ്യാർത്ഥികളോടും സംവദിക്കുന്നതിനുള്ള അവസരമായിരുന്നു തുടർന്ന്. തന്റെ സാഹിത്യജീവിതത്തിന് കെ.ടി.എം സ്കൂളും മണ്ണാർക്കാടും നല്കിയ സംഭാവനകൾ വ്യാസൻ അനുസ്മരിച്ചു..

# 2018 ലെ നേട്ടങ്ങൾ

## സ്കൂൾ വിക്കി പുരസ്കാരം

സ്കൂൾ വിക്കിയിൽ ഏറ്റവും മികച്ച രീതിയിൽ വിവരങ്ങൾ നല്കുന്ന സ്കൂളുകൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള കേരളാ ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ (KITE) ഏർപ്പെടുത്തിയ ജില്ലയിലെ മികച്ച



സ്കൂളിനുള്ള പുരസ്കാരം കെ.ടി.എം സ്കൂളിനു ലഭിച്ചു.

# ഇവർ ഞങ്ങളുടെ താരങ്ങൾ







2018 ഡിസംബർ 27 മുതൽ 31 വരെ ഒറീസ്സയിലെ ഭുവനേശ്വറിൽ വെച്ച് നടക്കുന്ന പന്ത്രണ്ടാമത് ദേശീയ സോഫ്റ്റ്ടെന്നീസ്ചാമ്പ്യൻഷിപ്പിനു-ള്ള കേരള ടീമിൽ കെ.ടി.എം ഹൈസ്കൂളിലെതാരങ്ങളായ അഖില, അനഘ, ശിവാനി എന്നിവർ ഇടംനേടി.




# Poster making competition




Election literacy club

# നന്ദി

ലിറ്റിൽ കൈറ്റ്സിന്റെ പരിശ്രമഫലമായി തയ്യാറാക്കപ്പെട്ട LEADS എന്ന ഈ E -Magazine നിലേക്ക് വിഭവങ്ങൾ തന്നു സഹായിച്ച എല്ലാകൂട്ടുകാർക്കും ഞങ്ങൾക്കു പിന്തുണ നല്കിയ എല്ലാ അധ്യാപകർക്കും നന്ദി രേഖപ്പെടുത്തുന്നു.

എന്ന്

ലിറ്റിൽ കൈറ്റ്സ്

